# ക്രിസ്ത്യൻ വേൾഡ്

Christian world

ക്രൈസ്തവ മാധ്യമം

2017 ഒക്ടോബർ 1 | വാല്യം 12 | ലക്കം 10 | REG.NO:KERMAL/2006/17464 POSTAL REG. NO. KL/QN/341/2015-2017 | പേജ് 8


# ലോകാവസാനം: ആദ്യപ്രവചനം തെറ്റി; ശരിയായതു ഒക്ടോബർ 21 നെന്ന്

**തോമസ് തോന്നയ്ക്കൽ**

വീണ്ടും ലോകാവസാനം പ്രവചിച്ച് ബൈബിൾ സംഖ്യാശാസ്ത്രകാരൻ ഡേവിഡ് മീഡ് രംഗത്ത്. ഇക്കുറി ഒക്ടോബർ 21 നു ലോകാവസാനമെന്നാണ് പുതിയവാദം.

വെളിപ്പാട് പുസ്തകത്തിൽ പരാമർശിക്കുന്ന മഹാപീഡനകാലം ഒക്ടോബർ 21നു ആരംഭിക്കുമെന്നും ഏഴുവർഷം നീളുന്ന മഹായുദ്ധത്തോടെ ലോകം ദുരന്തങ്ങളിലൂടെ കടന്നുപോകുമെന്നും ഡേവിഡ് പറഞ്ഞതായി ഫോക്സ് ന്യൂസ്. അതേതുടർന്നാകും സഹസ്രാബ്ദവാഴ്ച ആരംഭിക്കുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. സെപ്റ്റംബർ 23നു ലോകാവസാനം എന്ന പ്രവചനം പാളിപ്പോയത് കണക്കുകൂട്ടിയതിൽ തെറ്റിയതാണെന്നും അദ്ദേഹം വ്യക്തമാക്കി.

ഒരു പത്താം ഗ്രഹത്തിൽ നിന്നും വീശിയടിക്കുന്ന അതിഭീകരമായ വായുപ്രകമ്പനത്താൽ കടൽജലം ആകാശത്തോളം ഉയരുകയും ഭൂമിയുടെ അടിത്തട്ടുവരെ കീഴ്മേൽ മറിഞ്ഞ് ഭൂമിയിലെ



ലോകാവസാന ചിന്ത ശക്തിപ്പെടുന്നു. ബൈബിൾ ലോകാവസാനം പറയുന്നെങ്കിലും ദിവസം വ്യക്തമാക്കുന്നില്ല. ദിവസം പ്രവചിക്കുന്നതു വ്യാജന്മാർ

സകല ജീവജാലങ്ങളും സസ്യങ്ങളും സെപ്റ്റംബർ 23നു നശിക്കുമെന്നായിരുന്നു ഡേവിഡ് പ്രവചിച്ചത്. നിബിറു എന്ന ഗ്രഹം ഭൂമിയുമായി കൂട്ടിമുട്ടി ലോകാവസാനം സംഭവിക്കുമെന്ന മറ്റൊരു പ്രവചനവും ഇതോടൊപ്പം പ്രചരിച്ചു. 1970 മുതൽ നിബിറുവിനെ ഭൂമിയുടെ അന്തകനായി ചിത്രീകരിച്ചുകൊണ്ടുള്ള കഥകൾ പ്രചരിക്കുന്നുണ്ട്. നിബിറു എന്നൊരു ഗ്രഹമില്ല എന്നും ഇത് ഇന്റർനെറ്റിലെ തട്ടിപ്പു മാത്രമാണെന്നും നാസ വ്യക്തമാക്കി.

ലോകാവസാനം സംബന്ധിച്ച് എല്ലാക്കാലവും വ്യാജപ്രവചനങ്ങൾ പ്രചരിച്ചിട്ടുണ്ട്. വേദപുസ്തകം ലോകാന്ത്യത്തെക്കുറിച്ച് വ്യക്തമാക്കുന്നുണ്ടെങ്കിലും ദിവസം പറയുന്നില്ല. അന്ന് ആകാശം കൊടുംമുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂലപദാർഥങ്ങൾ കത്തിയഴിയുകയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും (2 പത്രൊ. 3:10) ചെയ്യുമെന്നു വ്യക്തമാക്കിയിരിക്കുന്നതിനാൽ അല്ലാതുള്ള അഭിപ്രായങ്ങൾ സത്യവിശ്വാസികൾ തള്ളിക്കളയേണ്ടതാണ്.



വി.ടി. എബ്രഹാം



പോൾ തങ്കയ്യ



കെ. ജെ മാത്യു



ഡോ. ടി.എസ്സ്. രാജശേഖർ



തിമൊഥി റാവു



എബ്രഹാം തോമസ്

# എസ്.ഐ.എ. ജി. ജനറൽ കോൺഫറൻസ് സമാപിച്ചു

## പാസ്റ്റർ വി.ടി. എബ്രഹാം വീണ്ടും സൂപ്രണ്ട്

**തിരുവനന്തനപുരം:** സൗത്ത് ഇന്ത്യാ അസംബ്ളീസ് ഓഫ് ഗോഡ് ജനറൽ സൂപ്രണ്ടായി പാസ്റ്റർ വി.ടി. എബ്രഹാമിനെ വീണ്ടും തെരെഞ്ഞെടുത്തു. സെപ്റ്റംബർ 19-21 വരെ തിരുവനന്തനപുരം ഗിരിദീപം കൺവൻഷൻ സെന്ററിൽ നടന്ന 36-ാമത് എസ്.ഐ.എ. ജി. ജനറൽ ദ്വിവത്സര കോൺഫറൻസിലാണ് അദ്ദേഹം തെരെഞ്ഞെടുക്കപ്പെട്ടത്. രുടർച്ചയായി 4-ാം തവണയാണ് പാസ്റ്റർ വി.ടി. എബ്രഹാം എസ്ഐഎജി ജനറൽ സൂപ്രണ്ടാകുന്നത്. ജനറൽ അസിസ്റ്റന്റ് സൂപ്രണ്ടായി പാസ്റ്റർ പോൾ തങ്കയ്യയും ജനറൽ സെക്രട്ടറിയായി പാസ്റ്റർ കെ. ജെ മാത്യുവും ജനറൽ ട്രഷറായി ഡോ. ടി.എസ്സ്. രാജശേഖറും ജനറൽ കമ്മറ്റി മെമ്പറായി പാസ്റ്റർ തിമൊഥി റാവുവും തെരെഞ്ഞെടുക്കപ്പെട്ടു.

ജനറൽ അസിസ്റ്റന്റ് സൂപ്രണ്ടായി തെരെഞ്ഞെടുത്ത പാസ്റ്റർ പോൾ തങ്കയ്യ കർണ്ണാടക-ഗോവ സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന സെന്ററൽ ഡിസ്ട്രിക്ട് സൂപ്രണ്ടാണ്. ജനറൽ സെക്രട്ടറിയായി തെരെഞ്ഞെടുത്ത പാസ്റ്റർ കെ. ജെ മാത്യു ബഥേൽ ബൈബിൾ കോളെജ് പ്രിൻസിപ്പാളാണ്. ജനറൽ ട്രഷറായ ഡോ. ടി.എസ്സ്. രാജശേഖർ മധുര എ ജി ബൈബിൾ കോളെജ് ചുമതലക്കാരനാണ്. ജനറൽ കമ്മറ്റി മെമ്പറായ പാസ്റ്റർ തിമൊഥി റാവു തെലുങ്കാന ഡിസ്ട്രിക്ട് സൂപ്രണ്ടാണ്. പാസ്റ്റർ വി.ടി. എബ്രഹാം ഒഴികെ എല്ലാവരും ജനറൽ എക്സിക്യൂട്ടിവ് കമ്മറ്റിയിൽ പുതുമുഖങ്ങളാണ്.

പാസ്റ്റർ വി.ടി. എബ്രഹാം ജനറൽ കോൺഫറൻസ് ഉത്ഘാടനം ചെയ്തു. പാസ്റ്റർ ഡി. മേഹൻ, പാസ്റ്റർ ടി.ജെ.സാമുവൽ എന്നിവരായിരുന്നു പ്രധാന പ്രഭാഷകർ. മുൻ ജനറൽ സെക്രട്ടറി ഡോ. ഐസക്ക് വി. മാത്യു റിപ്പോർട്ടുകൾ അവതരിപ്പിച്ചു. മുൻ ജനറൽ ട്രഷറാർ പാസ്റ്റർ അബ്ദുൾ കരിം രണ്ടര കോടിയോളം രൂപയുടെ വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ചു.

എസ്ഐഎജിയിൽ നിന്നും അഖിലേന്ത്യ അസംബ്ളീസ് ഓഫ് ഗോഡ് ജനറൽ എക്സിക്യൂട്ടിവ് കമ്മറ്റിയിലേക്ക് പാസ്റ്റർ എബ്രഹാം

(ശേഷം പേജ് 3)

# പ്രവാസി വിവാഹങ്ങൾക്കും ആധാർ വരുന്നു

**ന്യൂഡൽഹി:** പ്രവാസി ഇന്ത്യക്കാരുടെ (എൻആർഐ) വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് ആധാർ നിർബന്ധമാക്കണമെന്നു വിവിധ മന്ത്രാലയങ്ങളുടെ പ്രതിനിധികളടങ്ങിയ സമിതി വിദേശമന്ത്രാലയത്തിനു ശുപാർശ നൽകി.

ഗാർഹികപീഡനം, ഭർത്താവ് ഉപേക്ഷിക്കുന്നത്, സ്ത്രീധനപീഡനം തുടങ്ങിയ പ്രശ്നങ്ങളിൽനിന്ന് സ്ത്രീകളെ സംരക്ഷിക്കുന്നതിനുവേണ്ടിയാണിത്. ഓഗസ്റ്റ് 30-നാണു ഇതുസംബന്ധിച്ച റിപ്പോർട്ട് സമിതി മന്ത്രാലയത്തിനു കൈമാറിയത്. 2005-2012 കാലയളവിൽ എൻആർഐ സെല്ലിൽ പ്രവാസി വിവാഹങ്ങളുമായി ബന്ധപ്പെട്ട് 1300-ഓളം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശരിയായ മേൽവിലാസം ഇല്ലാത്തതിനാൽ ഇത്തരം കേസുകളിൽ പ്രതികളെ കണ്ടെത്താൻ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടെന്നു വനിതാശിശുക്ഷേമ മന്ത്രാലയത്തിലെ ഒരു ഉദ്യോഗസ്ഥൻ പറഞ്ഞു.

പ്രവാസി ഇന്ത്യക്കാർ, വിദേശപൗരത്വമുള്ള ഇന്ത്യാക്കാർ, ഇന്ത്യൻ വംശജർ എന്നിവർക്ക് ഇപ്പോൾ അധാർ രജിസ്റ്റർ ചെയ്യാൻ കഴിയില്ല. വിവാഹത്തിന് ആധാർ നിർബന്ധമാക്കുകയാണെങ്കിൽ ഇവർക്ക് ആധാർ നൽകാനുള്ള നടപടിയെടുക്കേണ്ടിവരും.

പ്രവാസി വിവാഹങ്ങളുമായി ബന്ധപ്പെട്ട് കേസുകൾ വർധിക്കുന്ന സാഹചര്യത്തിൽ പോംവഴികൾ നിർദേശിക്കാൻ കഴിഞ്ഞ വർഷമാണു റിട്ട. ജസ്റ്റിസ് അരവിന്ദ് ഗോയൽ ചെയർമാനായി വിദഗ്ദസമിതിയെ നിയോഗിച്ചത്. ഇത്തരം പ്രശ്നങ്ങളുണ്ടാകുന്ന 10-15 രാജ്യങ്ങളിൽ വിദേശമന്ത്രാലയം, ആഭ്യന്തരമന്ത്രാലയം, ദേശീയ വനിതാക്കമ്മീഷൻ എന്നിവയിലെ അംഗങ്ങളെ നിയോഗിക്കാൻ സമിതി ശുപാർശ ചെയ്തു. യുകെ, യുഎസ്, കാനഡ, ഓസ്ട്രേലിയ എന്നീ രാജ്യങ്ങളെക്കൂടാതെ ആഫ്രിക്കൻ, പശ്ചിമേഷ്യൻ രാജ്യങ്ങളാണ് ഇതിന്റെ പരിധിയിൽ വരുക.

കുറ്റവാളികളെ തിരിച്ചയയ്ക്കാനുള്ള കരാറുകൾ ഗാർഹിക പീഡനം, ഉപേക്ഷിക്കൽ, സ്ത്രീധനപീഡനം തുടങ്ങിയ കുറ്റകൃത്യങ്ങൾ കൂടി ഉൾപ്പെടുത്തി ഭേതഗതി ചെയ്യണമെന്നതാണു മറ്റൊരു ശുപാർശ. പ്രവാസി വിവാഹങ്ങളുമായി ബന്ധപ്പെട്ട വിവാഹങ്ങളിലെ പ്രശ്നങ്ങളെക്കുറിച്ച് പരിശോധിക്കാൻ ദേശീയ വനിതാ കമ്മിഷനെ നോഡൽ ഏജൻസിയാക്കാനും സമിതി ശുപാർശയിലുണ്ട്.

ക്രിസ്ത്യൻ വേൾഡ്
1193 കന്നി - തുലാം



# ക്ഷമ ക്ഷേമകരം

**ക്ഷ**മയെന്നാൽ മാപ്പുകൊടുക്കൽ (Forgiveness) എന്നാണ് അർത്ഥം. ക്ഷേമം എന്നാൽ സുഖം, ഐശ്വര്യം (Welfare, Prosperity) എന്നെല്ലാം അർത്ഥങ്ങളുണ്ട്. ക്ഷമയും ക്ഷേമവും തമ്മിൽ വളരെ ഇഴചേർപ്പുണ്ട്. ക്ഷമിക്കുവാനുള്ള മനസ്സുള്ളവർക്ക് അനിർവ്വചനിയമായ ക്ഷേമം അനുഭവിക്കുവാൻ കഴിയും. ക്ഷമ ജീവിതം ക്ഷേമകരമാക്കുമെന്ന് ചുരുക്കം. ഇന്ന് മനുഷ്യർ കൂടുതൽ അശാന്തരായാണ് കാണപ്പെടുന്നത്. ക്ഷമാ രാഹിത്യം; നിരാശ, ഉൽകണ്ഠ, പ്രതികാര ചിന്ത തുടങ്ങിയ അവസ്ഥകളിലേക്ക് നയിക്കും.

ക്ഷമയുടെ പ്രേരണയും പ്രചോദനവും ദൈവദത്തമാണ്. മനുഷ്യന്റെ ക്ഷമ ദൈവത്തിന്റെ ക്ഷമയ്ക്കു സാധർമ്മ്യം വഹിക്കുന്നു (മത്താ 6:12). സഹോദരനോടു ക്ഷമിക്കുന്നതിൽ പരിധി പാടില്ല (മത്താ 18:22). ക്ഷമ ലഭിക്കുന്നതിനു മാനസാന്തരം ആവശ്യമാണ് (ലൂക്കൊ 17:4).

മറ്റുള്ളവരോടു ക്ഷമിക്കുവാനുള്ള മനോഭാവം നമുക്കില്ലെങ്കിൽ ദൈവവും നമ്മുടെ കടങ്ങൾ ക്ഷമിക്കുകയില്ല (മത്താ 18:24-25).

ഇന്ന് ക്ഷമയ്ക്ക് അതിരിടുന്നവരെയാണ് കാണുവാൻ കഴിയുന്നത്. ചിലർ പറയുന്നു എല്ലാം ക്ഷമിക്കാം, പക്ഷെ ഇതു മാത്രം ഞാൻ ക്ഷമിക്കില്ല. ക്ഷമയ്ക്ക് സ്വയനിർമ്മിതമായ മതിൽ നിർമ്മിക്കുന്നവർ. ദൈവം നമ്മോട് ഇങ്ങനെ ക്ഷമയ്ക്ക് അതിരിട്ടാൽ എന്താകും നമ്മുടെ നില.

ചാറൽസ് എൽ. അല്ലൻ എന്ന ഗ്രന്ഥകാരൻ ഇങ്ങനെ പറയുന്നു: മനഃസാക്ഷിയുടെ പ്രതിഷേധത്തോടു കൂടെ മറ്റുള്ളവരോടു തെറ്റായ മനോഭാവം ഹൃദയത്തിൽ വച്ചു പുലർത്തുന്നതിനേക്കാൾ കൂടുതൽ ചെലവു വഹിക്കേണ്ട യാതൊന്നും ലോകത്തിലില്ല. ഇത് വളരെ ശരിയാണ്. മറ്റുള്ളവരോടുള്ള തെറ്റായ ധാരണയുടെ അടിസ്ഥാനത്തിൽ രൂപപ്പെടുന്ന മാലിന്യങ്ങളിൽ സ്വയം മുങ്ങി താഴ്ന്നുകൊണ്ടിരിക്കുന്നു എന്ന് തിരിച്ചറിയുവാൻ കഴിയാതെ വരുമ്പോൾ ജീവിതത്തിൽ നഷ്ടങ്ങൾ ഏറെയാകും.

തെറ്റായ മനോഭാവം ശരീരത്തിന്റെ ആരോഗ്യം മാത്രമല്ല, വ്യക്തിയുടെ ആത്മീയതലത്തിലും ഗുരുതരമായ ആഘാതങ്ങളും മുറുവുകളും സൃഷ്ടിക്കും. ക്ഷമിക്കുവാൻ കഴിയാത്തതുമൂലം മാനസിക-ശാരീരിക രോഗങ്ങൾക്ക് അടിമപ്പെടുവാനുള്ള സാധ്യത തള്ളിക്കളയാനാകില്ല.

ചെകുത്താനെ വെറുത്ത് ദൈവത്തെ സ്വീകരിച്ചാൽ മാത്രമേ പൂർണ്ണാരോഗ്യം ലഭ്യമാകൂ എന്ന് ഗാന്ധിജി പറഞ്ഞിട്ടുണ്ട്. ഡോ. ബില്ലി ഗ്രഹാം പറയുന്നത്: ആശുപത്രികളിൽ കഴിയുന്ന 75 ശതമാനം രോഗികളും മറ്റുള്ളവരോടു ക്ഷമിക്കാൻ കഴിയാത്തതിനാൽ രോഗികളായിത്തീർന്നവരാണ് എന്നാണ്. ക്ഷമയ്ക്ക് അനന്തമായ ആന്തരിക സൗഖ്യം നൽകുവാൻ കഴിയും. ക്ഷമിക്കാതിരിക്കുമ്പോൾ പ്രതികാരമാണ് മനസ്സിൽ കൂടു വയ്ക്കുന്നത്. പ്രതികാര ചിന്ത മനസ്സിൽ വസിച്ചാൽ അത് മനസ്സിനെയും ശരീരത്തെയും നശിപ്പിക്കും.

ഒരിക്കൽ നെപ്പോളിയൻ ചക്രവർത്തിയുടെ ഫ്രഞ്ചു സൈന്യം റഷ്യയെ പരാജയപ്പെടുത്തി. ഇരുഭാഗത്തും നിരവധിപ്പേർ മരണമടഞ്ഞു. യുദ്ധക്കളത്തിലൂടെ നെപ്പോളിയൻ നടക്കുമ്പോൾ ഒരു പടയാളിയുടെ ദീനരോദനം കേട്ടു. ഉടനെ സ്ട്രെച്ചർ കൊണ്ടുവരുവാൻ നെപ്പോളിയൻ ആജ്ഞാപിച്ചു. അപ്പോൾ തന്റെ സഹായി പറഞ്ഞു. സാർ അതൊരു റഷ്യക്കാരനാണ്. നെപ്പോളിയൻ മറുപടി പറഞ്ഞത്, വിജയത്തിനു ശേഷം ശത്രുക്കളില്ല, മനുഷ്യർ മാത്രം. മഹത്തായ ചിന്തയാണിത്. വാശിയും വൈരാഗ്യവും മനസ്സിൽ കൊണ്ടു നടക്കുമ്പോൾ അത് സ്വയം ദോഷം ചെയ്യുന്നതിനു തുല്യമാണ്. ക്ഷമിക്കുന്നതിനു അധികാരവും സ്ഥാനങ്ങളും പലർക്കും തടസ്സമാകാറുണ്ട്. അവൻ/അവൾ ക്ഷമ അർഹിക്കുന്നില്ല എന്ന ചിന്ത. ഇത് എല്ലാ അർത്ഥത്തിലും നന്മയില്ലാത്ത ചിന്തയാണ്. ക്ഷമിക്കുമ്പോൾ അത് ഒരു പുതിയ തുടക്കവും വഴിത്തിരിവുമായിത്തീരും. ക്ഷമയിലൂടെ ജീവിതം ക്ഷേമകരമാകട്ടെ. ക്ഷമയാണ് ക്ഷേമം.

പാസ്റ്റർ ഡി. കുഞ്ഞുമോൻ

ഇതിലെ ലേഖനങ്ങളുടെ ഉത്തരവാദിത്വം
എഴുത്തുകാർക്കു മാത്രമാണ്.



# നവീകരണത്തിന്റെ 500 വർഷങ്ങൾ

ഡഗ്ലസ് ജോസഫ്
duglas2007@gmail.com

**2017** ലോകചരിത്രത്തിൽ പ്രാധാന്യമേറിയ ഒരു വർഷമാണ്. യൂറോപ്പിന്റെയും ലോകത്തിന്റെയും ചരിത്രം മാറ്റിമറിച്ച് മാർട്ടിൻ ലൂഥർ ജർമനിയിൽ തുടക്കമിട്ട നവീകരണത്തിനു 500 വർഷം തികയുന്നു. 1517 ഒക്ടോബർ 31 നാണ് ജർമനിയിലെ വിറ്റൻബർഗ് ഓൾ സെയിന്റ്സ് ദൈവാലയത്തിന്റെ പുറംചുവരിൽ കത്തോലിക്കാ സഭയിൽ നടമാടിയിരുന്ന ദൈവവചനവിരുദ്ധമായ നടപടികളെക്കുറിച്ചുള്ള 95 ഇന കുറ്റപത്രം പതിച്ചത്. ഒരു കത്തോലിക്കാ പുരോഹിതനും തിയോളജി പ്രൊഫസറുമായിരുന്ന ലൂഥർ അക്കാലത്ത് സഭയുടെ ചില പഠിപ്പിക്കലുകൾക്ക് എതിരെ രംഗത്തുവന്നു. പാപമോചന ചീട്ട് വിൽപന അതിൽ പ്രധാനപ്പെട്ടതായിരുന്നു. പണംകൊടുത്താൽ സഭ നൽകുന്ന പാപമോചന ചീട്ടിലൂടെ ഒരുവന്റെ സകല പാപങ്ങളും ഇല്ലാതായി സ്വർഗപ്രവേശനം ഉറപ്പുനൽകുന്നതായിരുന്നു. ചുരുക്കത്തിൽ രക്ഷ, നിത്യജീവിതം ഇവ പണംകൊടുത്താൽ കിട്ടും എന്നുസാരം. വചനവിരുദ്ധമായ ഈ നടപടിയെ വിമർശിച്ചുകൊണ്ട് ഒരു കത്തോലിക്കാ പുരോഹിതനായ മാർട്ടിൻ ലൂഥർ രംഗത്തുവന്നത് സഭാധികാരികളെ ഞെട്ടിച്ചു.

പ്രൊട്ടസ്റ്റന്റ് സഭകളുടെ ഉത്ഭവത്തിനു തുടക്കംകുറിച്ച പ്രശസ്തമായ ലൂഥറിന്റെ 95 തിസ്സീസിന്റെ 500-ാം വാർഷികാഘോഷങ്ങൾക്കു ജർമനിയിൽ നടന്ന പ്രൗഢഗംഭീരമായ സമ്മേളനത്തിൽ ജർമൻ പ്രസിഡന്റ് ജോവാംക്കിം ഗൗക്ക് തുടക്കമിട്ടു. 2016 ഒക്ടോബർ 31 നു ആരംഭിച്ച ഒരുവർഷം നീണ്ടുനിൽക്കുന്ന 500-ാം വാർഷികാഘോഷങ്ങൾ സമാപിക്കുന്നത് 2017 ഒക്ടോബർ 31 നായിരിക്കും. തന്റെ പ്രസംഗത്തിൽ ക്രിസ്തീയസഭയെ അനാചാരങ്ങളിൽ നിന്നും മുക്തമാക്കി ബൈബിളിനും ക്രിസ്തുവിനും മുൻഗണന നൽകുന്നതിലേക്കു നയിച്ചതായിരുന്നു മാർട്ടിൻ ലൂഥർ ആരംഭിച്ച നവീകരണം എന്ന് അനുസ്മരിച്ചു. എല്ലാവരെയും അമ്പരപ്പിച്ചുകൊണ്ട് കത്തോലിക്കാസഭയുടെ അധിപനായ പോപ്പ് ഫ്രാൻസിസ് തന്റെ സ്വീഡനിലെ സന്ദർശനവേളയിൽ അവിടെ നടന്ന നവീകരണത്തിന്റെ അഞ്ഞൂറാം വാർഷികാഘോഷയോഗത്തിൽ പങ്കെടുത്തു. ചരിത്രത്തിൽ ആദ്യമായാണ് ഇത്തരുണത്തിൽ ഒരു നവീകരണ അനുസ്മരണത്തിൽ കത്തോലിക്കാസഭയിൽ നിന്നുള്ള ഒരു അധ്യക്ഷൻ പങ്കെടുക്കുന്നത്. മാർട്ടിൻ ലൂഥറിനെ പ്രകീർത്തിച്ച പോപ്പ് ഫ്രാൻസിസ് വചനത്തിനു ക്രിസ്തീയ ജീവിതത്തിൽ മുഖ്യസ്ഥാനം നൽകുന്നതിനു നവീകരണ കാരണമായി എന്നു പറഞ്ഞു. സ്വീഡനിലെ ലുൻഡിൽ നടന്ന നവീകരണ അനുസ്മരണത്തിൽ സ്വീഡൻ രാജാവ് ഗുസ്താവ്, രാജ്ഞി സിൽവിയ എന്നിവരോടൊപ്പമാണ് പോപ്പ് പങ്കെടുത്തത്.

**നവീകരണത്തിന്റെ പശ്ചാത്തലം**

പതിനാറാം നൂറ്റാണ്ടിൽ പടിഞ്ഞാറൻ യൂറോപ്പിൽ റോമിലെ പോപ്പിന്റെ കീഴിലുള്ള കത്തോലിക്കാസഭയുടെ സമഗ്രാധിപത്യമായിരുന്നു. ഇറ്റലി, ഫ്രാൻസ്, സ്പെയിൻ, ജർമനി, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളിൽ ആത്മീയ, ഭൗതിക മേഖലകളിൽ കത്തോലിക്കാസഭ പിടിമുറുക്കിയിരുന്നു. ഇന്നത്തെ വത്തിക്കാൻ ഉൾപ്പെടുന്ന പേപ്പൽ സ്റ്റേസിന്റെ ഭരണാധികാരിയുമായിരുന്നു പോപ്പ്. ഏഡി 313 ൽ മിലാൻ വിളംബരത്തിലൂടെ റോമൻ ചക്രവർത്തിയായിരുന്ന കോൺസ്റ്റന്റൈൻ ആണ് ക്രിസ്തുമതത്തെ അംഗീകരിച്ചത്. അക്കാലത്തു റോമാ സാമ്രാജ്യം യൂറോപ്പ്, തുർക്കി, മധ്യേഷ്യ, ആഫ്രിക്ക എന്നിവിടങ്ങളിലായി വ്യാപിച്ചിരുന്നു. നാലാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ റോമാസാമ്രാജ്യത്തിന്റെ ഔദ്യോഗികമതമായി മാറിയ ക്രിസ്തുമതം റോമിലെ പോപ്പിന്റെ കീഴിൽ യൂറോപ്പിലെയും മധ്യേഷ്യയിലെയും പ്രദേശങ്ങളിൽ വ്യാപിച്ചു. അധികാരവും സമ്പത്തും സഭാനേതൃത്വത്തെ സുഖലോലുപതയ്ക്കും അധികാര ദുർവിനിയോഗത്തിനും ഇടയാക്കി. റോമൻ സാമ്രാജ്യത്തിന്റെ ഔദ്യോഗിക ഭാഷയായിരുന്ന ലാറ്റിനിലായിരുന്നു ബൈബിൾ ഉണ്ടായിരുന്നത്. സാധാരണജനങ്ങൾക്കു തങ്ങളുടെ മാതൃഭാഷയിൽ ബൈബിൾ വായിക്കാൻ അവസരമില്ലായിരുന്നു. ജർമൻ, ഇംഗ്ലീഷ്, സ്പാനിഷ്, ഫ്രഞ്ച് തുടങ്ങിയ ഭാഷകളിൽ ബൈബിൾ തർജമ ചെയ്യാൻ ഇടയാക്കിയത് മാർട്ടിൻ ലൂഥർ ആരംഭിച്ച നവീകരണത്തിനുശേഷമാണ്. പോപ്പ് സ്ഥാനത്തെക്കുറിച്ചുള്ള തർക്കംമൂലം രണ്ടു പോപ്പുമാർ സഭാഭരണം മത്സരിച്ചു നടത്തിയ സംഭവവും ഉണ്ടായി. യൂറോപ്പിലുട നീളം എസ്റ്റേറ്റുകളും മറ്റു സ്വത്തു

(ശേഷം പേജ് 3)

> നാലാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ റോമാ സാമ്രാജ്യത്തിന്റെ ഔദ്യോഗികമതമായി മാറിയ ക്രിസ്തുമതം റോമിലെ പോപ്പിന്റെ കീഴിൽ യൂറോപ്പിലെയും മധ്യേഷ്യയിലെയും പ്രദേശങ്ങളിൽ വ്യാപിച്ചു.

**EDITORIAL BOARD**

Chief Editor : Reji Philip
Managing Editor : Sam T. Mukathala
Editor : D. Kunjumon Pothancode
Circulation Manager : Reji P. Paul

വാർഷിക വരിസംഖ്യ
120 രൂപ
പരസ്യനിരക്ക്
ഫുൾ പേജ് 10,000 രൂപ. ഹാഫ് പേജ് 5000 രൂപ
കോളം സെ. മീ. 70 രൂപ
വിവാഹപ്പരസ്യം 500 രൂപ
എല്ലാ മാസവും ഒന്നാം തീയതി പ്രസിദ്ധീകരിക്കുന്നു

വിലാസം
Christian World, Manganam P.O.,
Kottayam- 686 018, Kerala
Email:christianworldpathram@gmail.com
Ph: 8330079637
Ac No: 57002802965
SBI Manganam Branch IFS Code: SBIN 0070471

# ദൈവത്തെ സേവിക്കുക

ഡി. ജോസുകുട്ടി

ഒരിക്കൽ യോശുവ, ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും എന്നു പറഞ്ഞു. ഏലിയാവ്, ഞാൻ സേവിച്ചു നിൽക്കുന്ന യഹോവയാണ എന്നും, ശദ്രക്കും, മേശെക്കും, അബേദ്നെഗോവും ഞങ്ങൾ സേവിക്കുന്ന യഹോവ എന്നും ദാനിയേലിനോട് രാജാവ് നീ ഇടവിടാതെ സേവിച്ചു വരുന്ന യഹോവ എന്നും പറഞ്ഞിരിക്കുന്നു. അപ്പോസ്തലനായ പൗലൊസ് "എന്റെ ഉടയവനും ഞാൻ സേവിച്ചു വരുന്നവനുമായ ദൈവം" എന്നാണ് പറഞ്ഞിരിക്കുന്നത്.

ദൈവത്തെ സേവിക്കുക എന്നാൽ എന്താണ്? എന്താണീ സേവ? സേവിക്കുക എന്നതിന് ഇംഗ്ലീഷിൽ കൊടുത്തിരിക്കുന്ന പദം "സെർവ്" എന്നാണ്. എന്താണിതിന്റെ അർത്ഥം? ഓക്സ്ഫോർഡ് ഡിക്ഷണറിയിൽ കൊടുത്തിരിക്കുന്ന ചില അർത്ഥങ്ങൾ പരിശോധിച്ചാൽ അതിന്റെ യഥാർത്ഥരൂപം മനസ്സിലാക്കുവാൻ കഴിയും.

**1. Act as waiter (ആക്ട് ആസ് വെയിറ്റർ)**

ഒരു വെയിറ്ററുടെ ജോലി എന്താണ്? എന്താണ് വെയിറ്ററുടെ ഗുണങ്ങൾ? കാര്യങ്ങൾ ശ്രദ്ധയോടെ കേൾക്കാൻ കഴിയുന്ന ആളായിരിക്കണം വെയിറ്റർ. തന്നെയുമല്ല, അതുപോലെ ചെയ്യാനുള്ള മനസ്സുമുണ്ടായിരിക്കണം. ഈ ഗുണങ്ങളെ ശമുവേൽ പ്രവാചകൻ ശൗലിനോട് വിവരിക്കുന്നതിൽ നിന്നു തന്നെ സേവയുടെ അർത്ഥം നമുക്കു മനസ്സിലാകും. യാഗം കഴിക്കുന്നതിനേക്കാൾ നല്ലതാണ് അനുസരിക്കുന്നത് എന്നാണ് ശമുവേൽ പ്രവാചകൻ പറയുന്നത് (1 ശമുവേൽ 15.22). എന്നു പറഞ്ഞാൽ യാഗം കഴിക്കുന്നതിനേക്കാൾ എത്രയോ മാഹാത്മ്യം ഉള്ളതാണ് വെയിറ്ററുടെ ഗുണങ്ങളോടെ ദൈവസന്നിധിയിൽ നിൽക്കുന്നത്. അതായത്, ആരാധിക്കുന്നതിനേക്കാൾ യഹോവയ്ക്ക് പ്രസാദമാണ് ദൈവത്തെ സേവിക്കുന്നത്. അങ്ങനെയെങ്കിൽ ദൈവം പറയുന്ന കാര്യങ്ങൾ ശ്രദ്ധയോടെ കേൾക്കുകയും അത് അക്ഷരം പ്രതി അനുസരിക്കുകയും ചെയ്യുക എന്നതാണ് ദൈവത്തെ സേവിക്കുക എന്നതു കൊണ്ട് അർത്ഥമാക്കുന്നത്.

> തന്നിൽ തന്നെ ഫലമുണ്ടാകേണ്ടതിന് കളകൾ പറിച്ച് നിലം ഒരുക്കി വചനമാകുന്ന വിത്തുകൾ വിതെച്ച് ആ വിത്തുകൾ മുളച്ചു വരുവോളം ക്ഷമയോടെ കാത്തിരുന്ന് ഫലമുള്ളവരായിത്തീരുക. ഇങ്ങനെ ഓരോ വ്യക്തിയും തോട്ടത്തിനകത്തു വേല ചെയ്യേണം.

**2. Carry out duty (കേരി ഔട്ട് ഡ്യൂട്ടി)**

ചുമതലകൾ ചെയ്തു തീർക്കുക എന്നാണ് ഇതിനർത്ഥം. എന്താണീ ചുമതലകൾ? ഉല്പത്തി 2.15-ൽ ദൈവം ഉണ്ടാക്കിയ മനുഷ്യനെ തോട്ടത്തിൽ ആക്കിയത് തോട്ടത്തിൽ വേല ചെയ്യാനും തോട്ടം കാപ്പാനുമാണ്. ആദം ദൈവവേലക്കാരനാണോ? ദൈവത്തിന്റെ ശുശ്രൂഷക്കാരനോ? തോട്ടത്തിൽ ആയിരിക്കുന്ന എല്ലാവരുടെയും ഉത്തരവാദിത്തമാണ് താൻ ആയിരിക്കുന്ന തോട്ടത്തിൽ ഫലമുണ്ടാകേണ്ടതിന് വേല ചെയ്യുക എന്നത്. സഭയാം തോട്ടത്തിലെ ഫലമെന്താണ്? ആത്മീകനന്മകളാകുന്ന ഫലങ്ങൾ. ഈ ഫലം ശത്രു കൊണ്ടു പോകാതെ സൂക്ഷിക്കേണ്ട ചുമതലയും വിശ്വാസികൾക്കുള്ളതാണ്. എങ്ങനെയാണ് സഭയാം തോട്ടത്തിൽ വേല ചെയ്യുന്നതും തോട്ടത്തെ കാക്കുന്നതും? തന്നിൽ തന്നെ ഫലമുണ്ടാകേണ്ടതിന് കളകൾ പറിച്ച് നിലം ഒരുക്കി വചനമാകുന്ന വിത്തുകൾ വിതെച്ച് ആ വിത്തുകൾ മുളച്ചു വരുവോളം ക്ഷമയോടെ കാത്തിരുന്ന് ഫലമുള്ളവരായിത്തീരുക. ഇങ്ങനെ ഓരോ വ്യക്തിയും തോട്ടത്തിനകത്തു വേല ചെയ്യേണം. മറ്റൊരുത്തന്റെ നിലത്തിൽ കള പറിക്കുന്നതിനേക്കാൾ സ്വന്തം നിലത്തിൽ കള പറിക്കുന്നതല്ലേ ഉത്തമം. ഇങ്ങനെ തന്നെത്താൻ ക്രമപ്പെടുത്തി ദൈവവചനപ്രകാരം ദൈവം വസിക്കുന്ന തോട്ടമായി ഹൃദയം ശത്രുവായവൻ വശീകരിക്കാതെ സൂക്ഷിക്കുകയും അതിൽ ഫലം ഉണ്ടാക്കുകയും ചെയ്യുക.

**3. Treat in a specified way (ട്രീറ്റ് ഇൻ എ സ്പെസിഫൈഡ് വേ)**

ഒരാൾ മുൻകൂട്ടി തയ്യാറാക്കി തന്നിരിക്കുന്ന രീതിയിൽ പെരുമാറുക എന്നാണ് ഇതിനർത്ഥം. പഴയ നിയമത്തിൽ പുറപ്പാട്, ലേവ്യ തുടങ്ങിയ പുസ്തകങ്ങളിൽ ആണ് ന്യായപ്രമാണം അനുസരിക്കുന്നവർക്കായി പെരുമാറ്റ ചട്ടങ്ങൾ കൊടുത്തിരിക്കുന്നത്. എന്തെല്ലാം ചെയ്യാം, എന്തെല്ലാം ചെയ്യാൻ പാടില്ല എന്ന് വ്യക്തമായി ഈ പുസ്തകത്തിൽ വിവരിച്ചിരിക്കുന്നു. ഇതിൽ ഏറിയ പങ്കും പുതിയനിയമ വിശ്വാസികൾക്കും ബാധകമാണ്. ലേവ്യ 18.3-ൽ -നിങ്ങൾ പാർത്തിരുന്ന മിസ്രയീം ദേശത്തെ നടപ്പുപോലെ നടക്കരുത്- തുടങ്ങി മിസ്രയീം ദേശത്തെ മ്ലേച്ഛതകളുടെ ഒരു നീണ്ട പട്ടിക അവിടെ കൊടുത്തിരിക്കുന്നു. അതൊന്നും ചെയ്യാൻ പാടില്ല എന്ന് ദൈവം കർശനമായി നിർദ്ദേശിക്കുന്നു. ലേവ്യ 19.4-ൽ വിഗ്രഹങ്ങളുടെ അടുക്കലേക്ക് തിരിയരുതെന്നും 6,7 വാക്യങ്ങളിൽ സമാധാന യാഗം മൂന്നാം ദിവസം തിന്നരുതെന്നും പറഞ്ഞിരിക്കുന്നു. 9 മുതലുള്ള വാക്യങ്ങളിൽ -നിലം അരിക് തീർത്ത് കൊയ്യരുത്, നിന്റെ മുന്തിരിത്തോട്ടത്തിൽ വീണുകിടക്കുന്ന പഴം പറക്കരുത്- എന്നും 14-ാം വാക്യത്തിൽ -ചെകിടനെ ശപിക്കരുത്, കുരുടന്റെ മുമ്പിൽ ഇടർച്ച വയ്ക്കരുത്- എന്നും പറഞ്ഞിരിക്കുന്നു. തീർന്നില്ല ആ അധ്യായത്തിലും തുടർന്നുള്ള അദ്ധ്യായങ്ങളിലും മറ്റുള്ളവരോട് പെരുമാറുന്നതിനും മറ്റുള്ളവരുടെ മുമ്പാകെ മാതൃകയായിരിക്കേണ്ടതിനുമുള്ള ചട്ടങ്ങളുടെ സുദീർഘമായ ഒരു പട്ടിക കാണാൻ കഴിയുന്നു. അങ്ങനെ ഈ പെരുമാറ്റച്ചട്ടങ്ങൾ നല്കിയതിലൂടെ ദൈവം ഉദ്ദേശിച്ചത് മനുഷ്യൻ ദൈവത്തെ സേവിക്കുന്നവരാകുക എന്നു തന്നെയാണ്. എ) ദൈവീകാലോചനകൾ ശ്രദ്ധവച്ച് കേൾക്കയും അത് അക്ഷരം പ്രതി അനുസരിക്കുകയും ചെയ്യുക. ബി.) അവനവനെ ദൈവം ഏല്പിച്ചിരിക്കുന്ന ചുമതലകൾ ശരിയായി ചെയ്തു തീർക്കുക. സി.) ദൈവം ചിട്ടപ്പെടുത്തിയിരിക്കുന്ന രീതിയിൽ മാത്രം മാതൃകയായി പെരുമാറുക.

## നവീകരണത്തിന്റെ 500 വർഷങ്ങൾ

(2-ാം പേജ് തുടർച്ച)

വകകളും സ്വന്തമായുണ്ടായിരുന്ന കത്തോലിക്കാസഭയിലെ പുരോഹിതർ തങ്ങളുടെ ആത്മീയശുശ്രൂഷയും കുഞ്ഞാടുകളോടുള്ള കടമകളും മറന്ന് തികഞ്ഞ ഭൗതികജീവിതം നയിക്കുന്നവരായി. നൂറുകണക്കിനുള്ള പുണ്യാളന്മാർ ക്രിസ്തുവിന്റെ സ്ഥാനം കൈവശമാക്കി പള്ളികളിൽ വിഗ്രഹങ്ങളായി സ്ഥാനംപിടിച്ചു. പാപമോചനവും സ്വർഗത്തിലേക്കുള്ള പ്രവേശനവും നൽകുന്ന പാപമോചനച്ചീട്ട് പണംവാങ്ങി വിൽപന ആരംഭിച്ചു. വിശ്വാസത്താൽ ദൈവകൃപയിലൂടെ ലഭ്യമാകുന്ന നിത്യരക്ഷ എന്ന തിരുവചനസത്യത്തിനു പകരം നൂറുകണക്കിനു ആചാരങ്ങളിലൂടെയും കൂദാശകളിലൂടെയും നിത്യരക്ഷ നേടാം എന്നു പഠിപ്പിച്ചു. ഇത്തരം ദൈവവചനവിരുദ്ധമായ കത്തോലിക്കാസഭയുടെ നടപടികളെ നിശിതമായി വിമർശിക്കുന്നവയായിരുന്നു മാർട്ടിൻലൂഥറിന്റെ 95 തിസീസ്.

**പ്രൊട്ടസ്റ്റന്റ് നവീകരണതത്ത്വങ്ങൾ**

നവീകരണ വക്താക്കൾ അഞ്ച് അടിസ്ഥാന തത്ത്വങ്ങൾക്ക് ഊന്നൽ നൽകി. ബൈബിൾ മാത്രം, വിശ്വാസം മാത്രം, ക്രിസ്തു മാത്രം, കൃപ മാത്രം, മഹത്വം ദൈവത്തിനു മാത്രം. ദൈവിക വെളിപ്പാടിന്റെയും ഉപദേശത്തിന്റെയും ഏക ഉറവിടമായി ബൈബിളിനെ പുനഃസ്ഥാപിച്ചു. പതിനഞ്ചാം നൂറ്റാണ്ടിന്റെ മധ്യത്തോടെ ഗുട്ടൻബർഗ് പ്രിന്റിങ് മെഷീൻ കണ്ടുപിടിച്ചതോടെ, ബൈബിൾ പ്രാദേശികഭാഷകളിൽ മുദ്രണം ചെയ്യാൻ സാധിച്ചു. നിരവധി യൂറോപ്യൻ ഭാഷകളിലേക്കു ബൈബിൾ വിവർത്തനം ചെയ്യപ്പെട്ടു. മുൻപ് പുരോഹിതന്മാർക്കു മാത്രമായിരുന്ന ബൈബിൾ വായിക്കാനും പഠിപ്പിക്കാനും കഴിഞ്ഞിരുന്നത് . ലാറ്റിൻ പൗരോഹിത്യ ഭാഷയായി ആരാധനകളിൽ ഉപയോഗിച്ചുപോന്നു. ലാറ്റിൻ വശമില്ലാത്ത സാധാരണക്കാരായ വിശ്വാസികൾ ആത്മീയപോഷണത്തിനുള്ള ഏകവഴിയായി വൈദികരുടെ പ്രബോധനങ്ങളെ ആശ്രയിച്ചുവന്നു. ബൈബിൾ പ്രാദേശിക ഭാഷകളിലേക്കു തർജമചെയ്ത്, പ്രിന്റിങ് ആരംഭിച്ചതോടെ വിശ്വാസികൾക്കു തിരുവചനം വായിക്കാനും യഥാർഥ ദൈവികസത്യങ്ങൾ ഗ്രഹിക്കാനും കഴിഞ്ഞു. അവർ സഭയിലെ വചനവിരുദ്ധമായ ആചാരങ്ങളെയും വൈദികരുടെ ഭൗതികജീവിതത്തെയും അഴിമതികളെയും ചോദ്യംചെയ്തു. ഇതിനെല്ലാം ഇടയാക്കിയതു മാർട്ടിൻ ലൂഥർ അഴിച്ചുവിട്ട നവീകരണ വിപ്ലവമായിരുന്നു.

**മറ്റു നവീകരണകർത്താക്കൾ**

ഇംഗ്ലണ്ടിൽ നവീകരണത്തിനു ചുക്കാൻപിടിച്ചത് ജോൺ വൈക്ലിഫ് ആയിരുന്നു. ഓക്സ്ഫോഡ് യൂണിവേഴ്സിറ്റി പ്രൊഫസറും തിയോളജീയനും ആയിരുന്ന വൈക്ലിഫ് ലാറ്റിൻ ഭാഷയിൽ നിന്നും ഇംഗ്ലീഷിലേക്കു ബൈബിൾ വിവർത്തനം ചെയ്തു.

ഫ്രാൻസിൽ നവീകരണത്തിന്റെ വക്താവായിരുന്നു ജോൺ കാൽവിൻ. കാൽവനിസം എന്നറിയപ്പെടുന്ന ക്രമീകൃതമായ ദൈവശാസ്ത്ര തത്ത്വങ്ങൾക്ക് അദ്ദേഹം രൂപംകൊടുത്തു. സ്വിറ്റ്സർലന്റിൽ സ്വ്ഗ്ലിയുടെ നേചൃത്വത്തിൽ നവീകരണത്തിന്റെ കാറ്റുവീശി. വിഗ്രഹാരാധന, പൗരോഹിത്യ ബ്രഹ്മചര്യം തുടങ്ങിയ വചനവിരുദ്ധമായ കാര്യങ്ങളെ സ്വ്ഗ്ലി ശക്തമായി എതിർത്തു.

**നവീകരണത്തിനു മുൻപത്തെ സഭാചരിത്ര നാഴികക്കല്ലുകൾ**

ഏഡി 64 ൽ റോമൻ ചക്രവർത്തിയായ നീറോ, റോമിലുണ്ടായ വലിയ തീപിടുത്തത്തിന്റെ കാരണക്കാരായി കുറ്റംചുമത്തി ക്രിസ്ത്യാനികളെ പീഡിപ്പിച്ചു.

റോമിലെ പീഡനത്തെത്തുടർന്ന് ക്രിസ്ത്യാനികൾ യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക എന്നീ ഭൂഖണ്ഡങ്ങളിലേക്കു കുടിയേറി.

ഏഡി 285 ൽ റോമാസാമ്രാജ്യം ഈസ്റ്റേൺ റോമാസാമ്രാജ്യം (കോൺസ്റ്റാൻഡിനോപ്പിൾ കേന്ദ്രമാക്കി ബൈസന്റയിൻ സാമ്രാജ്യം എന്നും വെസ്റ്റേൺ റോമൻ സാമ്രാജ്യം (റോം കേന്ദ്രമാക്കി) എന്നും ഭരണസൗകര്യാർഥം ഡയക്ലീഷൻ ചക്രവർത്തി വിഭജിച്ചു. ഇതിൽ ഏഡി 476 ൽ അവസാന റോമൻ ചക്രവർത്തിയായ റൊമുലസിനെ, ജർമാനിക് ബാർബേറിയൻമാർ പരാജയപ്പെടുത്തിയതോടെ വെസ്റ്റേൺ റോമൻ സാമ്രാജ്യത്തിനു അന്ത്യമായി. 1453 ഏഡിയിൽ ഓട്ടോമൻ തുർക്കികൾ കോൺസ്റ്റാൻഡിനോപ്പിൾ പിടിച്ചടക്കി, ഹഗിയ, സോഫിയാ കത്തീഡ്രൽ മോസ്ക്കാക്കി മാറ്റി. അവസാന ഈസ്റ്റേൺ റോമൻ സാമ്രാജ്യത്തിന്റെ (വൈസാന്റിയൻ) ചക്രവർത്തിയായിരുന്ന കോൺസ്റ്റന്റയിൻ പതിനൊന്ന് യുദ്ധത്തിൽ മരണപ്പെട്ടതോടെ പൗരസ്ത്യറോമാ സാമ്രാജ്യത്തിനു അന്ത്യമായി.

ഏഡി 312 റോമൻ ചക്രവർത്തി കോൺസ്റ്റന്റൈൻ ക്രിസ്തുമതത്തിനെതിരായ പീഡനം അവസാനിപ്പിച്ചു. റോമാസാമ്രാജ്യത്തിന്റെ ഔദ്യോഗികമതമായി ക്രിസ്തുമതത്തെ അംഗീകരിച്ചു.

ഏഡി 1054 ൽ പോപ്പ് ലിയോ, ചാൾമെയിനെ ചക്രവർത്തിയാക്കിയതിൽ പ്രതിഷേധിച്ച് കോൺസ്റ്റാൻഡിനോപ്പിൾ കേന്ദ്രമാക്കി നിലനിന്നിരുന്ന ഈസ്റ്റേൺ റോമൻ സാമ്രാജ്യത്തിൽപ്പെടുന്ന ക്രിസ്ത്യാനികൾ പോപ്പുമായി ബന്ധംവിടർത്തി. ഗ്രീക്ക് ഓർത്തഡോക്സ് സഭയ്ക്ക് തുടക്കംകുറിച്ചു. ഇതാണ് കത്തോലിക്കാ ഓർത്തഡോക്സ് വിഭജനം.

ഏഡി 1530 ഹെൻറി എട്ടാമന്റെ വിവാഹമോചനത്തെച്ചൊല്ലി പോപ്പുമായി തർക്കം ഉണ്ടാകുകയും ആംഗ്ലിക്കൻസഭ എന്ന പേരിൽ പുതിയ സഭയായി രൂപംകൊള്ളുകയും ചെയ്തു. ഏഡി 1517 ൽ ജർമനിയിലെ മാർട്ടിൻ ലൂഥറിന്റെ നവീകരണത്തെത്തുടർന്ന് പ്രൊട്ടസ്റ്റന്റ് സഭകൾ രൂപംകൊണ്ടു.

## ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് ജനറൽ കൺവൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു

മുളക്കുഴ: ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരള സ്റ്റേറ്റ് 95-ാമത് ജനറൽ കൺവൻഷൻ 2018 ജനുവരി 22 മുതൽ 28 വരെ തിരുവല്ല രാമൻചിറയിലുള്ള സഭാ സ്റ്റേഡിയത്തിൽ വച്ച് നടക്കും. കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായുള്ള പ്രഥമ ആലോചനാ യോഗം ദൈവസഭാ കേരളാ സ്റ്റേറ്റ് ഓവർസിയറുടെ അദ്ധ്യക്ഷതയിൽ മുളക്കുഴ സീയോൻ കുന്നിൽ നടന്നു. യോഗത്തിൽ സ്റ്റേറ്റ് കൗൺസിൽ അംഗങ്ങൾ, ബിലിവേഴ്സ് ബോർഡ് അംഗങ്ങൾ, മുൻ കൺവൻഷൻ കൺവീനേഴ്സ്, കമ്മറ്റി അംഗങ്ങൾ, സമീപ ഡിസ്ട്രിക്റ്റുകളിലെ ശുശ്രൂഷകന്മാർ, വിശ്വാസികൾ, വിവിധ ഡിപ്പാർട്ട്മെന്റ് ചുമതലക്കാർ, പുതിയതായി കൺവൻഷൻ കമ്മറ്റിയിൽ ചേർന്ന് പ്രവർത്തിക്കുവാൻ താല്പര്യമുള്ളവരെല്ലാം പങ്കെടുത്തു. 2017 സെപ്റ്റംബർ 27 മുതൽ 2018 ജനുവരി 15 വരെ തുടർച്ചയായി ഒരോ ദിവസവും കൺവൻഷന്റെ അനുഗ്രഹത്തിനായി ഉപവസിച്ച് പ്രാർത്ഥിക്കുന്നതിനുള്ള ക്രമീകരണം ആലോചന യോഗത്തിൽ നടത്തി. 2018 ജനുവരി 15 മുതൽ കൺവൻഷൻ സ്റ്റേഡിയത്തിൽ ഉപവാസ പ്രാർത്ഥന നടത്തുന്നതിനും തിരുമാനമായി. ഓവർസിയറുടെ ഈ പ്രസ്താവനയെ വലിയ ആവേശത്തോടെയാണ് ഏവരും ഏറ്റെടുത്തത്. കൺവൻഷനിൽ സ്വദേശത്തും വിദേശത്തുമുള്ള അനേകം ദൈവദാസന്മാർ ദൈവവചനം ശുശ്രൂഷിക്കും. കൺവൻഷൻ ക്വയർ ഗാനങ്ങൾ ആലപിക്കും. പാസ്റ്റർമാരായ ജെ. ജോസഫ്, വൈ. റെജി, ജോൺസൻ ദാനിയേൽ എന്നിവർ നേതൃത്വം നല്കി.

## ന്യൂ ലൈഫ് ക്രൂസേഡ് സമാപിച്ചു

ഹൂസ്റ്റൺ: അമേരിക്കയിലെ ഹൂസ്റ്റൺ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഇന്റർനാഷണൽ ന്യൂ ലൈഫ് മിനിസ്ട്രിയുടെ 30-ാമത് ന്യൂ ലൈഫ് ക്രൂസേഡ് സമാപിച്ചു. ഒക്ടോബർ 11-13 വരെ ഒക്കലഹോമ സിറ്റിയിലും 18-20 വരെ അറ്റ്ലാന്റയിലും 25-27 വരെ ഡാളസ് പട്ടണത്തിലും സെപ്റ്റംബർ 1-3 വരെ ഹൂസ്റ്റണിലും ക്രൂസേഡുകൾ നടന്നു. റവ. ഡോ. ജോൺസൺ ഡാനിയേൽ ശുശ്രൂഷകൾക്ക് നേതൃത്വം നല്കി. റവ. ജോൺസൺ മേമന, പാസ്റ്റർ മനോജ് കുഴിക്കാല, സിസ്റ്റർ ലിസി ജോൺസൺ എന്നിവർ വചന ശുശ്രൂഷ നിർവ്വഹിച്ചു. ന്യൂ ലൈഫ് വോയ്സ് സംഗീത ശുശ്രൂഷകൾക്ക് നേതൃത്വം നല്കുകയും ചെയ്തു.

## എസ്ഐഎജി


(1-ാം പേജ് തുടർച്ച)

തോമസ്സിനെ(ചെന്നൈ) തെരെഞ്ഞെടുത്തു.

സഭകൾ ട്രസ്റ്റുകൾ രൂപികരിക്കുന്നതു സംബന്ധിച്ചു സബ് കമ്മറ്റി പഠനം നടത്തി സമർപ്പിച്ച റിപ്പോട്ടു കോൺഫറൻസിൽ ചർച്ച ചെയ്തു സുപ്രധാനമായ തീരുമാനങ്ങൾ കൈകൊണ്ടു.സഭകളുടെ പേരിൽ ട്രസ്റ്റുകശ രൂപികരിക്കുവാൻ ഇനി മുതൽ ഒരു സൗത്ത് ഇന്ത്യാ അസംബ്ളീസ് ഓഫ് ഗോഡ് നോമിനിയും ഒരു പ്രാദേശിക ഡിസ്ട്രിക്ട് നോമിനിയും 5 പ്രാദേശിക സഭ അംഗങ്ങളും ഉൾപ്പെടുന്ന കമ്മറ്റി ഉണ്ടാകണം. എന്നാൽ ശുശ്രൂഷകന്മാർക്ക് വ്യക്തിപരമായി ട്രസ്റ്റുകശ രൂപികരിക്കുന്നതിനു യാതൊരു നിബന്ധനകളും ഉണ്ടായിരിക്കയില്ല. കർതൃമേശയോടെ കോൺഫറൻസ് സമാപിച്ചു.

# ആത്മീയതയും പുത്തൻ പ്രവണതകളും

ഡോ. എം. സ്റ്റീഫൻ, കോട്ടയം



ആത്മീയതയുടെ പേരിൽ പല പ്രവണതകളും ഓരോ കാലഘട്ടത്തിൽ രൂപപ്പെടാറുണ്ട്. വെള്ളത്തിലെ കുമിളപോലെ അവ ഉയരുകയും ഇല്ലാതാകുകയും ചെയ്യും. ഇവിടുത്തെ ഏറ്റവും വലിയ പ്രശ്നം, വിഷയങ്ങളുടെ പർവതീകരണവും സാർവത്രികവുമാണ്. ഈ പ്രവണതകളുടെ പുറകിൽ വാണിജ്യവത്ക്കരണവും കൂടിയാകുമ്പോൾ സംഗതി കുശാലായി. ജനങ്ങളുടെ ജിജ്ഞാസ വർധിപ്പിച്ച് പണവും പെരുമയും നേടിയെടുക്കുകയാണ് ഈ പ്രവണതകളുടെ കാത്തുസൂക്ഷിപ്പുകാരുടെ പ്രധാന ലക്ഷ്യം. ദീപസ്തംഭം മഹാശ്ചര്യം, നമുക്കും കിട്ടണം പണം എന്ന ചിന്തയാണല്ലോ പലരെയും ഭരിക്കുന്നത്. ഈ പ്രവണതകളുടെ ഒരു സവിശേഷത, ഇവയെല്ലാം പാശ്ചാത്യനാടുകളിൽ നിന്ന് കയറ്റുമതി ചെയ്യപ്പെടുന്നു എന്നതാണ്.

വീഴ്ത്തുന്ന പരിപാടി വളരെ വ്യാപകമായി 1980 ൽ കണ്ടിരുന്നു. വേദിയിലേക്കു വരുന്നവരെ നെറ്റിയിൽ ബലം പ്രയോഗിച്ചു തള്ളിയിടുക, വീഴുന്നവർ ഉടനെ എഴുന്നേറ്റ് സ്ഥലംവിടുന്നു. അവർ വെറുതെ വീഴുകയാണ്, അല്ലെങ്കിൽ വീഴ്ത്തുകയാണ്. വീഴുമ്പോൾ നടുവേദനയും മുട്ടുവേദനയും മാറുമെന്നാണ് അവകാശവാദം. കാന്തമെത്തക്കാരുടെ അവകാശവാദവും ഇതുതന്നെയാണല്ലോ (ഒരു ലക്ഷം രൂപ കൊടുത്ത് മെത്തവാങ്ങുന്നതിലും നല്ലതാണ് വീഴ്ച). അങ്ങനെ വീഴ്ത്തുന്ന പരിപാടി നടക്കുന്നതിനിടയിൽ ഒരു പുതിയ പ്രവണത പ്രവേശിച്ചു. ഊതിവീഴ്ത്ത് എന്ന ഓമനപ്പേരിൽ അതറിയപ്പെടുന്നു. ഊതിവീഴ്ത്തും ഉന്തിവീഴ്ത്തും തുടരുന്നു. കാതറിൻ, കുൾമാൻ, ബെന്നിഹിൻ തുടങ്ങിയവരെയാണ് ഊതിവീഴ്ത്തിന്റെ ഉപജ്ഞാതാക്കളായി പ്രതിഷ്ഠിച്ചിരിക്കുന്നത്.

ഇതിന്റെ കൂടെ ചേർക്കാവുന്ന വിഷയമാണ് ആത്മവിവശത. വിവശതയും ഒരു പ്രവണതയായി പ്രഖ്യാപിച്ചിട്ടുണ്ട്. അവിടെയും വീഴ്ച വളരെ പ്രധാനമാണ്. വീണാൽ നല്ലതാണ്. എന്നാൽ, വീഴാതെയും ദൈവസന്നിധിയിൽ നിൽക്കാൻ കഴിയും. വീഴുന്നതു ദൈവാത്മാവിന്റെ പരിവർത്തനംകൊണ്ടായിരിക്കണം. മാത്രമല്ല. വിവശതയുണ്ടാക്കി വീഴ്ത്തുന്ന പരിപാടി ഒരു പ്രത്യേക കലാപരിപാടിയായി കൊണ്ടുനടന്ന് പിരിവുനടത്തുന്നതിൽ അർഥമില്ല. ദൈവസാന്നിധ്യത്തിന്റെയും ദൈവികവെളിപ്പാടിന്റെയും ശക്തമായ പ്രവാഹത്തിൽ ദൈവഭക്തന്മാർ ആത്മവിവശതയിൽ ആയതായി കാണുന്നു. അവ പ്രത്യേക സാഹചര്യത്തിൽ, പ്രത്യേക താൽപര്യത്തോടെ ദൈവത്താൽ സംഭവിച്ച കാര്യങ്ങളാണ്.

മനുഷ്യരല്ല, ദൈവമാണ് വ്യക്തികളെ ആത്മാവിനാൽ നിറയ്ക്കുന്നത്. ഇവിടെ മനുഷ്യരുടെ സിദ്ധികൾ പ്രധാനമല്ല. ദൈവത്തിന്റെ പ്രവർത്തനഫലമായി ഒരാൾ വീഴുന്നു, ഉരുളുന്നു, അന്യഭാഷകളിൽ സംസാരിക്കുന്നു, സൗഖ്യമാകുന്നു ഇവയൊക്കെ നടക്കുന്ന കാര്യങ്ങളാണ്. വീഴ്ത്തിയാലേ പറ്റൂ എന്നു ശഠിക്കുകയും അതുമാത്രം ശുശ്രൂഷയായി കൊണ്ടുനടക്കുന്നതും അഭികാമ്യമല്ല. ഉന്തിയിട്ടു വീണാൽ പിടിക്കാൻ ആളെ നിർത്തുന്ന പരിപാടി സ്വാഭാവികതയെ ചോദ്യം ചെയ്യുന്നു.

**വിശുദ്ധ കരച്ചിലും കുരയും**

വിശുദ്ധന്മാർ കരയണം, അവർ കരയാറുണ്ട്. ആരും പറഞ്ഞിട്ടല്ല അവർ കരയുന്നത്. അവർ ദൈവത്തോടു തങ്ങളുടെ പ്രശ്നങ്ങൾ പങ്കുവയ്ക്കുമ്പോൾ കരയുന്നു. ദൈവത്തിന്റെ ഉപകാരങ്ങൾ ഓർത്തും നന്ദിസൂചകമായി കരയാറുണ്ട്. പക്ഷേ, കുരയ്ക്കാറില്ല. കുരയ്ക്കുന്നതു നായ്ക്കളാണ്. നമ്മുടെ നാട്ടിലും പാശ്ചാത്യനാടുകളിലും നായ്ക്കളാണ് കുരയ്ക്കുന്നത്. ഗ്ലിസറിന്റെയും നാരങ്ങാനീരിന്റെയും പ്രയോഗംകൊണ്ട് പ്രയോഗംകൊണ്ട് മനുഷ്യർ കരയാറുണ്ട്. എന്നാൽ, കരയിക്കുന്ന പരിപാടി ഒരു മാനുഷികതന്ത്രം മാത്രമാണ്. കുരപ്പിക്കുന്നതും അത മനുഷ്യതന്ത്രം തന്നെ. ഒരു ബുദ്ധിയുപദേശം നൽകട്ടെ. ആരെങ്കിലും നിരന്തരമായി കരയുന്നവരോ കുരയ്ക്കുന്നവരോ ഉണ്ടെങ്കിൽ നിങ്ങൾ അതിൽ തുടർന്നോളൂ. പക്ഷേ, ദയവുചെയ്ത് എല്ലാവരും അതുചെയ്യണമെന്നു നിർബന്ധിക്കരുത്. അതിന്റെകൂടെ മാനസികപ്രശ്നമുണ്ടോ എന്നു പരിശോധിക്കുന്നതും നന്ന്.

**വിശുദ്ധ ഛർദി, ചിരി**

കേരളത്തിലെ അധികം വ്യാപിച്ചിട്ടില്ലെങ്കിലും ചെന്നൈ, ബോംബെ എന്നീ പട്ടണങ്ങളിൽ ഈ രണ്ടു പ്രതിഭാസങ്ങളും വ്യാപിച്ചു. എല്ലാവരും കൂട്ടമായി ചിരിക്കുന്ന പരിപാടി. വളരെ നേരം ചിരിക്കുക, ചിരിച്ചാൽ ആയുസ്സ് കൂടുമെന്നുണ്ട്. എന്നാൽ, കണക്കില്ലാത്ത ചിരി അപകടകരമാണ്. ആത്മാവിന്റെ പ്രേരണയാൽ ചിരിക്കുന്നു എന്നാണ് വയ്പ്, ചിരിച്ചെന്നിരിക്കാം. എന്നാൽ, എപ്പോഴും ചിരിക്കണമെന്നും അതൊരു നിർബന്ധമായും മാറിയാൽ സംശയം ഉണ്ടാകും.

മറ്റൊരു പ്രവണതയാണ് ഛർദി, പല നിറങ്ങളിൽ ഛർദിച്ചുവെന്നും ഛർദിക്കുന്നത് ഒരു ആത്മിക അനുഭവമാണെന്നും അവകാശപ്പെടുന്നു. ദൈവസന്നിധിയിൽ വരുന്നവരെല്ലാം ഛർദിക്കുക അല്ലെങ്കിൽ അവരെ ഛർദിപ്പിക്കുക എന്ന പ്രതിഭാസം വളരെ വിചിത്രം തന്നെ. ഏതെങ്കിലും പ്രാകൃത മതാചാരങ്ങളിലേക്കു മടങ്ങിപ്പോകുകയാണോ നാം എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

**മതിൽകയറ്റവും മലചാട്ടവും**

ഉണർവു ശക്തമായിരുന്ന ഒരു ഘട്ടത്തിൽ ഭാരതത്തിന്റെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ആവേശം പൂണ്ട് ചിലർ മലകളുടെ മുകളിൽ നിന്നു ചാടിയതായി വായിച്ചിട്ടുണ്ട്. വിശ്വാസത്തിന്റെ കൊടുമുടിയിലായതുകൊണ്ട് ഒന്നും സംഭവിക്കില്ല എന്ന ചിന്തയിലായിരുന്നു ചാടിയത്. ഫലമോ, പലരുടെയും കാലും കൈയും ഒടിയുവാനും ശരീരത്തിനു ക്ഷതമേൽക്കാനും കാരണമായി.

'ദൈവത്താൽ മതിൽചാടികടക്കും' എന്ന വാക്യം ആധാരമാക്കി ചിലർ ഹൈജംപിനു ശ്രമിക്കുകയാണ്. ലോങ്ജംപിനു ശ്രമിക്കുന്നതും നല്ലതാണ് എന്നൊരു ഉപദേശം നൽകട്ടെ. ആരുടെയും മണ്ടയ്ക്കു ചാടരുത്. ദൈവത്തെ പരീക്ഷിക്കാനുള്ള ശ്രമമാണിവയെല്ലാം. അല്ലെങ്കിലും മതിൽചാടി കടന്നാണോ ദൈവത്തെ മഹത്ത്വപ്പെടുത്തുന്നത്. കമ്പിവേലിയുടെ മുകളിലൂടെ ചാടരുത് എന്നൊരു മുന്നറിയിപ്പു നൽകട്ടെ. ചാട്ടംതെറ്റിയാൽ അതിൽ കൊരുത്തുകിടക്കുന്നതു കാണേണ്ട 'സീൻ' ആണ്. കർത്താവ് 'ചാടാനുള്ള' പരീക്ഷണത്തെ നേരിട്ടത് എങ്ങനെയെന്നു നമുക്കറിയാം. ദൈവത്തെ നാം പരീക്ഷിക്കരുത്.

**സാത്താനെ കൊല്ലുന്ന പദ്ധതി**

സാത്താന്റെ പുറകെ വടിയുംകൊണ്ട് ഓടുകയും അടിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന പ്രവണത ഇന്നു ചിലയിടങ്ങളിൽ കാണുന്നുണ്ട്. അതിന്റെകൂടെ സാത്താന്റെ രൂപം ഉണ്ടാക്കി അതിനെ വടികൊണ്ട് അടിക്കാനും ചവിട്ടാനും ശ്രമിക്കുന്നു. ഇതൊക്കെ കണ്ട് സാത്താൻപോലും ചിരിക്കുന്നുണ്ടാകും. സാത്താന്റെ തന്ത്രങ്ങളെ തിരിച്ചറിഞ്ഞ് അവയെ നാം എതിർത്തു തോല്പിക്കണം. അതിനു പകരം ബൊമ്മയോടു യുദ്ധംചെയ്താൽ എന്തു പ്രയോജനം? വിവരക്കേടിന്റെ അങ്ങേയറ്റം എന്നേ പറയാൻ കഴിയൂ. ഇത്തരം പ്രവണതയ്ക്കു പ്രോത്സാഹനം നൽകുന്നവർ തങ്ങളുടെ ജീവിതത്തിൽ സാത്താനെ പരാജയപ്പെടുത്തി വിജയകരമായ ക്രിസ്തീയ ജീവിതം നയിക്കുന്നുണ്ടോ എന്നു ചിന്തിക്കുന്നതും നല്ലതാണ്.

**ശാപം അഴിക്കൽ**

ശാപം അഴിക്കൽ എന്ന വിഷയം വളരെ കൂടുതൽ പ്രതിപാദിക്കുന്നത് ഡെറിക് പ്രിൻസാണ്. അതിന്റെ പ്രതിനിധികളായി ചിലർ ഇന്ത്യയിലും പ്രവർത്തിക്കുന്നു. നമ്മെ നിരന്തരം ശല്യപ്പെടുത്തുന്ന ചില ദുഷ്ടശക്തികളുണ്ടെന്നും അവൻ സൃഷ്ടിക്കുന്ന ബന്ധനങ്ങളാകുന്ന ശാപങ്ങൾ ഉണ്ടെന്നും അവയെ തകർത്തു മോചനം നൽകണം എന്നതാണു പദ്ധതി. ഇത്തരം ശാപങ്ങൾ തലമുറകളായി നിലനിൽക്കാം എന്നു ഡെറിക് പ്രിൻസ് പറയുന്നു. 'ശാപമഴിക്കൽ' ഒരു പ്രത്യേക ശുശ്രൂഷയായി അദ്ദേഹം സ്വീകരിച്ചിരിക്കുന്നു. സ്വാഭാവികമായി ഉണ്ടാകുന്ന സാമ്പത്തികനഷ്ടം, രോഗം, അപകടങ്ങൾ തുടങ്ങിയവയെല്ലാം ശാപമാണെന്നു പറഞ്ഞു സാത്താനെ പഴിചാരുന്നതിൽ കഴമ്പില്ല.

തിന്മയുടെ ശക്തികൾ നമ്മെ പരാജയപ്പെടുത്താൻ ശ്രമിക്കും എന്നതു ശരിയാണ്. എന്നാൽ, നമുക്കു സംഭവിക്കുന്നതിനെല്ലാം കാരണം തലമുറകളായി തങ്ങിനിൽക്കുന്ന ശാപമാണ് എന്നും, നമ്മെ പിൻതുടരുന്ന ദുഷ്ടശക്തികളാണ് എന്നും പറയുന്നതിൽ അർഥമില്ല. നമ്മുടെ അജ്ഞതയും ഭോഷത്തവും വിവേകരാഹിത്യവും മനഃപൂർവമായ തെറ്റുകളും പ്രശ്നങ്ങളും സൃഷ്ടിക്കാറുണ്ട്. എല്ലാവിഷയങ്ങൾക്കും 'ശാപം' എന്ന ഒരേ കാരണം ആരോപിക്കുന്നതു യുക്തിസഹമല്ല.

പാപത്താൽ മനുഷ്യവംശത്തിനുണ്ടായ ശാപം ക്രിസ്തുവിലൂടെ നീങ്ങി. നാം സുവിശേഷം അംഗീകരിക്കുമ്പോൾ നമുക്ക് അത് അനുഭവവേദ്യമാക്കാൻ കഴിയും. സാത്താൻ 'അവിടെ', 'ഇവിടെ' എന്നു പറഞ്ഞ് അവന്റെ പുറകെ പായുന്നതിൽ കഴമ്പില്ല. ക്രിസ്തുവിലുള്ള വിശ്വാസത്താൽ ശാപം നീങ്ങണം. എല്ലാ ശുശ്രൂഷകളിലും സുവിശേഷത്തിന്റെ ശക്തിയാൽ അതു സംഭവിക്കുന്നു. എന്നാൽ, അതിനു മാത്രമായി ശുശ്രൂഷയുടെ പ്രത്യേകത ആവശ്യമില്ല. വിശ്വാസികൾ ശാപത്തിൽ നിന്നു മോചിതരാണ്.

യോംഗീചോയുടെ ഒരു പ്രത്യക വീക്ഷണമാണ് ഫോർത്ത് ഡിമെൻഷൻ. ദൈവിക വാഗ്ദാനങ്ങൾ വിശ്വാസത്തിലൂടെ പ്രാപിച്ചെടുക്കുക എന്നത് ഒരു പൈതൃകമാണ്. യാക്കോബിന്റെ സങ്കല്പനങ്ങൾ ഒരു സ്വപ്നത്തിലൂടെ മാറ്റംവരുത്തി. ദൈവം ഒരു പുതിയ പാനമാവിലേക്കു നയിക്കുന്നതായി യോംഗിചോ രേഖപ്പെടുത്തുന്നു. ദൈവത്തിലുള്ള വിശ്വാസത്താൽ, മാനുഷികമായി നടക്കില്ല എന്നു ചിന്തിക്കുന്ന കാര്യങ്ങൾ നടന്നു കണ്ടിട്ടുണ്ട്. അതു നിഷേധിക്കാൻ കഴിയില്ല. അപകടത്തിൽപ്പെട്ടു പ്രതീക്ഷയറ്റ മനുഷ്യനു ദൈവം സൗഖ്യം നൽകുന്ന ഒരു കഥ യോംഗിചോ നൽകുന്നുണ്ട്. അതും നടക്കുന്ന കാര്യമാണ്. എന്നാൽ, എപ്പോഴും ദൈവഹിതം ഒരുപോലെ നടക്കണമെന്നില്ല. പൗലൊസിന്റെ ശാരീരിക അസ്വസ്ഥത നിരന്തരമായി തന്നെ അലട്ടി. എന്നാൽ, അതു നീങ്ങിയില്ല. ചില നിർണായക നിമിഷങ്ങളിൽ നാം പ്രാർഥിക്കുന്നു. ചിലപ്പോൾ സൗഖ്യം ലഭിക്കുന്നില്ല. വിടുതൽ ഉണ്ടാകുന്നില്ല. അതും നാം ദൈവഹിതപ്രകാരം ഉൾക്കൊള്ളുന്നു. എപ്പോഴും ദൈവം ഒരേരീതിയിൽ പ്രവർത്തിച്ചുകൊള്ളും എന്ന ചിന്ത ശരിയല്ല. യോംഗിചോയുടെ പുസ്തകം തന്നെ അതിനു സാക്ഷ്യം വഹിക്കുന്നുണ്ട്. നദി മുറിച്ചുകടക്കാൻ ശ്രമിച്ച കുട്ടികൾക്ക് അതു സാധിച്ചില്ല, മരണമായിരുന്നു ഫലം. അമിതമായ ആവേശം അപകടങ്ങൾ വിളിച്ചുവരുത്തും. ഒരു പെൺകുട്ടിക്കു താൻ സ്വപ്നംകണ്ട പുരുഷനെ ലഭിച്ചു എന്നതുകൊണ്ട് എല്ലാവർക്കും അതു സാധിക്കുന്നു എന്നു പ്രഖ്യാപിക്കുന്നതു ശരിയല്ല. വിശ്വാസത്തിന്റെ പേരിൽ എന്തു വിക്രിയയും ആകാം എന്നു ചിന്തിക്കരുത്. ദൈവഹിതം തിരിച്ചറിഞ്ഞു ജീവിക്കുകയാണ് വിശ്വാസികൾക്ക് ഏറ്റവും ഉത്തമം. വിശ്വാസവും ദൈവഹിതവും തമ്മിലുള്ള ഇഴുകിച്ചേരൽ ഇവിടെ അനിവാര്യമാണ്.

**അവലോകനം**

ദൈവത്തിന്റെ പ്രവർത്തനംകൊണ്ട് സൗഖ്യം ലഭിക്കുന്നു. ദൈവഹിതപ്രകാരമുള്ള പ്രാർഥനകൾക്ക് ഉത്തരം ലഭിക്കുന്നു. പരിശുദ്ധാത്മപ്രവർത്തനത്താൽ ചിലർക്ക് വിവവശത അനുഭവപ്പെടുന്നു. ഇവയൊന്നും നിഷേധിക്കുന്നില്ല. എന്നാൽ, കേവലം പ്രവണതകൾ സൃഷ്ടിക്കാൻവേണ്ടി കുറെ കൾട്ട് സ്വഭാവമുള്ള പദ്ധതികൾ നടത്തുന്നത് അഭികാമ്യമല്ല. ചോദിക്കുന്നതെന്തും നൽകുന്ന ദൈവം എന്ന ചിന്ത നമുക്ക് അംഗീകരിക്കാൻ കഴിയില്ല. ദൈവഹിതപ്രകാരം ആവശ്യമുള്ളവ ചോദിക്കുമ്പോൾ അവ നമുക്കു ലഭിക്കുന്നു. എന്നാൽ അവ തന്നെ കേവലം ഭൗതികവസ്തുക്കളാകണമെന്നില്ല. ഇത്തരം പ്രവണതകളിൽ ഭൗതികവിഷയങ്ങളാണ് അവർ ആവശ്യപ്പെടുന്നത്.

(ശേഷം പേജ് 6)

വളരെ നേരം ചിരിക്കുക, ചിരിച്ചാൽ ആയുസ്സ് കൂടുമെന്നുണ്ട്. എന്നാൽ, കണക്കില്ലാത്ത ചിരി അപകടകരമാണ്. ആത്മാവിന്റെ പ്രേരണയാൽ ചിരിക്കുന്നു എന്നാണ് വയ്പ്, ചിരിച്ചെന്നിരിക്കാം. എന്നാൽ, എപ്പോഴും ചിരിക്കണമെന്നും അതൊരു നിർബന്ധമായും മാറിയാൽ സംശയം ഉണ്ടാകും.

ഉള്ളതു പറഞ്ഞാൽ...



ജോസ്ഫിൻ രാജ്

# ഇര(കൾ)

പൂച്ച എലിയെ തട്ടിക്കളിക്കുന്നതുപോലെയായിരുന്നു ഇരപിടിയന്മാരായ യെഹൂദാമത നേതാക്കന്മാരും റോമാസാമ്രാജ്യത്തിലെ തലവന്മാരും കർത്താവിനെ ഗൂഢാലോചനയിലൂടെ ഇരയാക്കുന്നത്. 'ഇവരോടു ക്ഷമിക്കണമേ' ഇരപിടിയന്മാരോടുള്ള ധീക്ഷണമായ മറുപടി ക്ഷമയിലൂടെ വെളിപ്പെട്ടു.

പ്രകൃതിയുടെ ആവാസവ്യവസ്ഥയിൽ ഭക്ഷണചക്രമണമുണ്ട്. എലി പൂച്ചയുടെ ഇര, പൂച്ച മറ്റൊരു ജന്തുവിന് ഇര. അവസാന ജന്തു മണ്ണിരയ്ക്ക് ഇര. ഇങ്ങനെ ആഹാരശ്രേണിയിൽ ഒന്നു മറ്റൊന്നിന് ഇരയാകുന്നു. എല്ലാവരും എല്ലാവർക്കുമായുള്ള ഇര!

പക്ഷേ, 'ഇര'യ്ക്ക് നമ്മുടെ നാട്ടിൽ 'പുഴു' എന്ന അർഥം കൽപിക്കാറുണ്ട്. ഇഴഞ്ഞുനീങ്ങാൻ മാത്രം കഴിവുള്ള ഈ ബലഹീനപ്രാണിയെ ആർക്കുവേണമെങ്കിലും ചവിട്ടിമെതിക്കാം.

ഈയിടെയുള്ള പത്രക്കുറിപ്പുകൾക്ക് 'ഇര'യുടെ ചാകരയാണ്. മാധ്യമങ്ങളാണ് ഒരു മനുഷ്യനു മറ്റൊരു മനുഷ്യനെ ഇരയാക്കാൻ കഴിയുമെന്ന് അർഥം കൽപിച്ചു നൽകിയത്. പീഡനം നേരിടുന്നവർ, ഇവർക്ക് ഇരയാണത്രേ! നേരിട്ട പീഡനത്തിനെതിരെ പ്രതികരിച്ചാലും ഇരയുടെ പേര് ഇരയല്ലാതാകുന്നില്ല എന്നതാണു പത്രമാധ്യമങ്ങളുടെ മതം. ഇരയെ ഇരയാക്കിയവർക്കു ഒരു വില്ലൻ ഹീറോ പരിവേഷവും ലഭിക്കുന്നുണ്ട്. ഇരപിടിയന്മാർ ഇപ്പോഴും നഗരത്തിൽ ധൈര്യത്തോടെ വിഹരിക്കുകയാണ്.

വിശുദ്ധ നഗരമായ പലസ്തീന്റെ പ്രാന്തപ്രദേശങ്ങളിൽ ഒരു വൻജനാവലിക്കൂട്ടം ഒരു 'ഇര'യെ വിരട്ടി ക്രിസ്തുനാഥന്റെ അടുക്കലെത്തിച്ചു. യാതൊരു ധാർഷ്ഠ്യവും കൂടാതെ ഈ ഇരയെ പിച്ചിച്ചീന്തി. തങ്ങളുടെ ബാഹ്യധാർമികതയുടെ ഭക്ഷണമാക്കാൻ കൂർത്ത കോമ്പല്ലുകളായാണ് അവർ വന്നത്. ക്രിസ്തുവും ഇരപിടിയന്മാരായുടെ കെണിയിൽ തീർച്ചയായും വീഴുമെന്ന് കരുതിയതാണ് നിലത്തെഴുത്തിന്റെ താളത്തെ ഘനിച്ചത്. ഹൃദയം ഘനീഭവിച്ചവരുടെ കൂട്ടത്തിലെവിടെയോ അവളെ ഇരയാക്കിയവരിൽ ചിലരെങ്കിലും തങ്ങളുടെ കൈയിൽ കരിങ്കല്ലുകളുമായി നിൽക്കുന്നുണ്ടാകാം.

ചെറിയ 'ഇര'യെ വച്ചു വലിയ മീനുകളെ പിടിക്കുന്നത് എന്റെ ചെറുപ്രായത്തിൽ കണ്ടിട്ടുണ്ട്. കപടധാർമികതയുടെ മുഖംമൂടി സ്വയമേ വലിച്ചുകീറി ഇരപിടിയന്മാർ ക്രിസ്തുവിനു മുൻപിൽ വെറുമൊരു 'ഇര'യായി മാറി. ബലഹീനയായി ഒറ്റയ്ക്കായ 'ഇര'യെ ഇനി നീ പൊടിയിൽ ഇഴയുന്ന പുഴുവാകാതെ വർണശബളമായി, പാറിപ്പറക്കുന്ന ശലഭമായി മാറുക എന്ന വാക്ക് നാഥൻ അവൾക്ക് അനന്തവിഹായസിന്റെ വാതിൽ തുറന്നുകൊടുക്കുകയായിരുന്നു.

പൂച്ച എലിയെ തട്ടിക്കളിക്കുന്നതുപോലെയായിരുന്നു ഇരപിടിയന്മാരായ യെഹൂദാമതനേതാക്കന്മാരും റോമാസാമ്രാജ്യത്തിലെ തലവന്മാരും കർത്താവിനെ ഗൂഢാലോചനയിലൂടെ ഇരയാക്കുന്നത്. എന്നാൽ, ക്രൂശിലെ ശബ്ദം ഇരപിടിയന്മാരുടെ പീഡനത്തിനുള്ള ക്രൈസ്തവ പ്രതികരണമായിരുന്നു. 'ഇവരോടു ക്ഷമിക്കണമേ' ഇരപിടിയന്മാരോടുള്ള ധീക്ഷണമായ മറുപടി ക്ഷമയിലൂടെ വെളിപ്പെട്ടു. തീർന്നില്ല, ഇരപിടിയന്മാരുടെ മുദ്രകളെ പൊട്ടിച്ചെറിഞ്ഞ് ഇരയായവരെ രക്ഷിക്കാനും ഇരപിടിയന്മാരെ നേർവഴികാട്ടാനും കർത്താവ് ഇരയ്ക്ക് ഇരയാകാതെ ഇടയനായി ഇന്നും ജീവിക്കുന്നു.

---



# തൊഴിലും, തൊഴിലിടങ്ങളും സന്തോഷഭരിതമാകട്ടെ



ടോംസ് ആന്റണി

ഏതു തൊഴിൽ തെരഞ്ഞെടുക്കണം? എങ്ങിനെ മനസ്സിനിണങ്ങുന്ന തൊഴിൽ സ്വായത്തമാക്കണം? ഇക്കാര്യങ്ങൾ ചിന്തിക്കുമ്പോൾ ഇന്നത്തെ ചെറുപ്പക്കാർ പലരും അസ്വസ്ഥതയും, ആശങ്കയും പ്രകടിപ്പിക്കാറുണ്ട്. നമ്മുടെ സ്വപ്നങ്ങൾക്കനുസൃതമായ ഒരു തൊഴിൽ ലഭിക്കുക എന്നത് ഒരു ഭാഗ്യം തന്നെയാണ്.

അംബരചുംബിയായ ഒരു സ്റ്റാർ ഹോട്ടലിനു മുന്നിലൂടെയായിരുന്നു രണ്ടു ചെറുപ്പക്കാർക്ക് തങ്ങൾ പഠിക്കുന്ന സ്ഥാപനത്തിലേയ്ക്ക് പോകേണ്ടിയിരുന്നത്. പ്രൗഢമായ ആ ഹോട്ടലിലേയ്ക്ക് അവരിലൊരു ചെറുപ്പക്കാരൻ സാകൂതം വീക്ഷിക്കുക പതിവായിരുന്നു. ആഡംബരകാറിൽ കോട്ടും ടൈയുമൊക്കെ ഇട്ട് ഒരാൾ ആ ഹോട്ടലിലേയ്ക്ക് എല്ലാദിവസവും വന്നിറങ്ങുന്നു. "ആരാണയാൾ"? ചെറുപ്പക്കാരിലൊരാൾ അന്വേഷിച്ചു. ആ ഹോട്ടലിലെ സപ്ലൈയറാണ്. നല്ല വരുമാനം! നല്ല ഒരു തുക ടിപ്പ് ആയി കിട്ടും. മാസം ലക്ഷങ്ങളുടെ വരുമാനം. ആ ചെറുപ്പക്കാരന്റെ മനസ്സിൽ ഒരു ആഗ്രഹമുദിച്ചു. എങ്ങിനെയും പഠിച്ചു മിടുക്കനായി ഈ ഹോട്ടലിലെ സപ്ലൈയറായി മാറണം. കൂട്ടുകാർ തമ്മിൽ പിരിഞ്ഞു.

ഏതാനും വർഷങ്ങൾക്കുശേഷം ഈ ചെറുപ്പക്കാരൻ ആ ഹോട്ടലിലെ സപ്ലൈയറായി മാറി. ആഡംബര കാർ, കോട്ട്, ടൈ എന്നിവയുടെ അകമ്പടിയോടെ അയാൾ അഭിമാനപൂർവ്വം ജോലിചെയ്തുപോന്നു. ഒരിക്കൽ ആ ഹോട്ടലിനു മുന്നിൽ ഒരു ബോർഡ് പ്രത്യക്ഷപ്പെട്ടു. "രാജ്യത്തെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥന് ഈ ഹോട്ടലിലേയ്ക്ക് സ്വാഗതം.'' ചെറുപ്പക്കാരനു സന്തോഷമായി. രാജ്യത്തെ ദിശാബോധത്തോടെ നയിക്കുന്ന മിടുക്കനായ രാജ്യത്തെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥൻ ഈ ഹോട്ടലിൽ വരുന്നു. അദ്ദേഹത്തെ ഒന്ന് കാണാമല്ലോ എന്ന് വിചാരിച്ചിരിക്കുമ്പോൾ ഹോട്ടൽ മാനേജർ ഈ ചെറുപ്പക്കാരനെ അദ്ദേഹത്തെ സ്വീകരിക്കാനും, ഭക്ഷണം നൽകുവാനുമുള്ള ചുമതല ഏല്പിച്ചു. ചെറുപ്പക്കാരന്റെ സന്തോഷം ഇരട്ടിയായി.

അത്യധികം സ്നേഹാദരങ്ങളോടെ ആ ചെറുപ്പക്കാരൻ ആ രാജ്യത്തെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥനെ സ്വീകരിച്ചു. ഭക്ഷണം നൽകി. ഉദ്യോഗസ്ഥന് വലിയ സന്തോഷമായി. അദ്ദേഹം നല്ല ഒരു തുക 'ടിപ്പ്' ആയി ചെറുപ്പക്കാരന് നൽകി. ചെറുപ്പക്കാരൻ അത്ഭുതപ്പെട്ടു. ഇത്ര വലിയ തുക ഇന്നുവരെ തനിക്ക് ടിപ്പ് ആയി ആരും തന്നിട്ടില്ല. അദ്ദേഹത്തിന് തെറ്റിയതാവാം എന്നും കരുതി തുകയുടെ പകുതി തിരിച്ചുകൊടുക്കുവാൻ ഒരുങ്ങിയപ്പോൾ ആ ഉദ്യോഗസ്ഥൻ പുഞ്ചിരിച്ചുകൊണ്ട് ചെറുപ്പക്കാരനോട് പറഞ്ഞു. "സ്നേഹിതാ, വർഷങ്ങൾക്കു മുമ്പ് ഈ ഹോട്ടലിനുമുന്നിൽ നിന്നോടൊപ്പം നിന്നത് ഞാനാണ്. നീ ഈ ഹോട്ടലിലെ സപ്ലൈയർ ആകാൻ ആഗ്രഹിച്ചു. പക്ഷേ ഞാൻ 'ടിപ്പ്' കൊടുക്കുന്ന ഈ രാജ്യത്തെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥനായി ത്തീരാൻ ആഗ്രഹിച്ചു.".

പ്രിയ യുവജനങ്ങളെ, കൊച്ചു കൊച്ചു സ്വപ്നങ്ങളല്ല തൊഴിൽ മേഖലയിൽ നമ്മെ നയിക്കേണ്ടത്. തൊഴിൽ മേഖലയിൽ നാം ഉയർന്ന സ്വപ്നങ്ങൾ കാണണം. നമ്മുടെ കഴിവിനും, അഭിരുചിക്കും, സാധ്യതകൾക്കും പറ്റുന്ന തരത്തിൽ പരമാവധി ഉയരങ്ങൾ കീഴടക്കുവാൻ സാധിക്കുമ്പോഴാണ് ഒരു വ്യക്തി തൊഴിൽ രംഗത്ത് വിജയിച്ചു എന്ന് പറയാനാകുന്നത്.

നമ്മുടെ നാട്ടിൽ സിവിൽ സർവ്വീസ് ഉൾപ്പെടെയുള്ള ഉയർന്ന മേഖലകളിൽ പ്രശോഭിക്കാൻ കഴിവുള്ള ഒത്തിരി ചെറുപ്പകാരുണ്ട്. പക്ഷെ അവരൊക്കെ പെട്ടെന്നുള്ള വരുമാനം തേടി മറ്റുമേഖലകളിലേക്ക് ദിശമാറി സഞ്ചരിക്കുന്നു എന്നത് ദുഃഖകരമാണ്. ഡോക്ടറാകുവാൻ പാടവമുള്ളവർ എത്രയോ പേർ നേഴ്സിംഗ് മേഖല തെരഞ്ഞെടുത്തു! ഇഷ്ടമില്ലാത്ത കോഴ്സിനും, ജോലിക്കും പോയി ജീവിതത്തോടുതന്നെ വിരക്തിയായവർ ഒട്ടേറെപ്പേർ !

എന്തിനാണ് നാം തൊഴിൽ ചെയ്യുന്നത്? നാം നമ്മോടുതന്നെ ചോദിക്കേണ്ട ഒരു ചോദ്യമാണ്. വരുമാനം മാത്രമാണ് നമ്മുടെ തൊഴിലിന്റെ ലക്ഷ്യമെങ്കിൽ ആ തൊഴിൽ നമുക്ക് പലപ്പോഴും വിരസത ജനിപ്പിക്കും. മറിച്ച് വരുമാനത്തോടൊപ്പം സൗഹൃദത്തിനുള്ള അവസരം, മറ്റുള്ളവരെ സഹായിക്കാനുള്ള അവസരം, എല്ലാറ്റിനുമുപരി ജീവിതവിജയം നേടാനുള്ള അവസരം എന്നിങ്ങനെ തൊഴിലിനെ മാറ്റുമ്പോഴാണ് തൊഴിൽ അർത്ഥപൂർണ്ണമാകുന്നത്.

ഇഷ്ടമില്ലാത്ത തൊഴിലാണ് നാം ചെയ്യുന്നതെങ്കിൽ നമുക്കു മുമ്പിൽ രണ്ടുവഴികളേ ഉള്ളൂ. ഒന്നുകിൽ ഇന്നുതന്നെ ആ തൊഴിൽ ഉപേക്ഷിക്കുക, അല്ലെങ്കിൽ ആ തൊഴിലിനെ ഇഷ്ടപ്പെട്ടു തുടങ്ങുക.

നമുക്കെല്ലാവർക്കും വിവിധതരം ഹോബികളുണ്ട്. നന്നായി ചിത്രം വരയ്ക്കുന്നവരുണ്ട്; സ്പോർട്സിനോട് താൽപര്യമുള്ളവരുണ്ട്; അദ്ധ്യാപനകല സ്വായത്തമാക്കിയവരുണ്ട്; രോഗികളെ ശുശ്രൂഷിക്കാൻ താല്പര്യമുള്ളവരുണ്ട്; സംഘടനാമികവുള്ളവരുണ്ട്; നേതൃത്വവാസനയുള്ളവരുണ്ട്; ഏതെങ്കിലും സംരംഭം ഏറ്റെടുത്തു വിജയിപ്പിക്കാൻ കഴിവുള്ളവരുണ്ട്; അങ്ങനെ വിവിധ കഴിവുകൾ സ്വായത്തമാക്കിയിട്ടുള്ളവരാണ് നാം ഓരോരുത്തരും. ഈ കഴിവുകളെ നമ്മുടെ തൊഴിലുമായി കൂട്ടിയിണക്കാൻ കഴിഞ്ഞാൽ നമ്മുടെ തൊഴിൽ ആയാസരഹിതമാകും, സന്തോഷഭരിതമാകും.

ഓരോരുത്തരും തങ്ങളുടെ അഭിരുചികൾക്കനുസരിച്ചു മാത്രമേ തൊഴിൽ മേഖല തെരഞ്ഞെടുക്കാവൂ. അഭിരുചികൾ കണ്ടെത്താനുള്ള അനേകം ശാസ്ത്രീയമാർഗ്ഗങ്ങൾ ഇന്ന് നിലവിലുണ്ട്. അവയെ കാര്യക്ഷമമായി പ്രയോജനപ്പെടുത്തുകയും വേണം.

അതായത് നമ്മുടെ ഹോബികളെ തൊഴിലാക്കി മാറ്റുവാൻ നമുക്കു കഴിയുമോ? അഥവാ നമ്മുടെ തൊഴിലിനെ ഹോബിയാക്കി മാറ്റാൻ നമുക്ക് കഴിയുമോ? ഇതിൽ ഏതെങ്കിലുമൊന്നിൽ നാം വിജയിച്ചാൽ നമ്മുടെ തൊഴിൽ ജീവിതം ആഹ്ലാദഭരിതമായിത്തീരും. അല്ലെങ്കിൽ ഏറ്റവും ദുരിതം പിടിച്ച ഒന്നായി നമ്മുടെ തൊഴിലും, തൊഴിലിടങ്ങളും മാറും.

നമ്മുടെ കഴിവുകളേയും, സാധ്യതകളേയും സൗഹൃദവലയങ്ങളെയും തൊഴിൽമേഖലയിൽ ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞാൽ തൊഴിൽരംഗത്ത് നാം വിജയിച്ചു എന്നർത്ഥം.

നമ്മുടെ തൊഴിലിടങ്ങളിൽ സൗഹാർദ്ദത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കാൻ നമുക്ക് കഴിയണം. പരസ്പരം കുറ്റം പറഞ്ഞും, അസൂയയും, പരിഭവങ്ങളും, പാരവയ്പുകളും കൊണ്ട് തൊഴിലിടങ്ങളെ മലീമസമാക്കിയാൽ നമ്മുടെ മനസ്സു തന്നെയാണ് മലീമസമാകുന്നത് എന്ന് ഓർക്കണം. നമ്മുടെ തൊഴിൽ നമുക്ക് വിരക്തിയുണ്ടാക്കുന്നുവെന്നർത്ഥം. വീട്ടിലെ പ്രശ്നങ്ങളും, നമ്മുടെ മനോനിലയും ഒന്നും തൊഴിൽ രംഗത്തേക്ക് വലിച്ചിഴക്കാതിരിക്കുക.

ഐഎഎസ് എടുത്ത് കളക്ടറായി വിരാജിക്കുമ്പോൾ ഒരു പാവപ്പെട്ടവൻ അവന്റെ സങ്കടം പറയുവാൻ നമ്മുടെ മുന്നിൽ വരുമ്പോൾ അവന്റെ വേദന തിരിച്ചറിയുവാൻ കഴിയാത്ത ഒരു ഐഎഎസ്കാരനെക്കൊണ്ട് എന്തുകാര്യം? ഏത് രംഗത്ത് തൊഴിൽ ചെയ്താലും പാവപ്പെട്ടവന്റെയും വേദനിക്കുന്നവന്റെയും കണ്ണീരൊപ്പാൻ കഴിയാതെ വന്നാൽ, അവരെ പുച്ഛമനോഭാവത്തോടെയാണ് കാണുന്നതെങ്കിൽ എന്തുകാര്യം ?

# മണക്കാല കൺവൻഷൻ

മണക്കാല: ശാരോൻ ഫെലോഷിപ്പ് ചർച്ച് അടൂർ-കൊട്ടാരക്കര-ശൂരനാട് സെന്ററുകളുടെയും ബാഹ്യകേരളസഭകളുടെയും സംയുക്ത കൺവൻഷൻ 2018 ജനുവരി രണ്ട് മുതൽ ഏഴു വരെ ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി ജൂബിലി ഓഡിറ്റോറിയത്തിൽ നടക്കും. റവ. ഡോ. റ്റി.ജി. കോശി ഉദ്ഘാടനം ചെയ്യും. ദിവസവും വൈകിട്ട് 6-9 വരെ നടക്കുന്ന പൊതുയോഗത്തിൽ അനുഗ്രഹീതരായ ദൈവദാസന്മാർ വചനം ശുശ്രൂഷിക്കും. 5നു ഫെയ്ത്ത് തിയോളജിക്കൽ സെമിനാരിയുടെ 48-ാമതു ബിരുദദാനസമ്മേളനവും 6നു സണ്ടേസ്കൂൾ - സിഇഎം സംയുക്ത സമ്മേളനം, വനിതാ സമ്മേളനം, മിഷൻ സമ്മേളനം, പാസ്റ്റേഴ്സ് മീറ്റിംഗ്, പൂർവവിദ്യാർഥി സമ്മേളനം എന്നിവ നടക്കും. 7നു ഞായറാഴ്ച സംയുക്ത സഭായോഗത്തോടും കർത്തൃമേശയോടുംകൂടെ കൺവൻഷൻ സമാപിക്കും.

പാസ്റ്റർ റ്റി.ജി. ജെയിംസ് ജനറൽ കോർഡിനേറ്ററായി വിപുലമായ കമ്മറ്റി പ്രവർത്തിച്ചുവരുന്നു. പാസ്റ്റർ റ്റി.ഐ. ഏബ്രഹാം (പ്രോഗ്രാം), പാസ്റ്റർ കെ.എം. ജേക്കബ് (പ്രയർ), പാസ്റ്റർ കെ.എം. മാത്യു (ഫിനാൻസ്), പാസ്റ്റർ പി.യു. മത്തായി (ഭക്ഷണം), പാസ്റ്റർ പ്രിൻസി കോശി (സംഗീതം), പാസ്റ്റർ എം.ജോയി (അക്കൊമൊഡേഷൻ), പാസ്റ്റർ കെ.എ. ഫിലിപ്പ് (ലൈറ്റ് & സൗണ്ട്), പാസ്റ്റർ വിൻസന്റ് മാത്യു (പബ്ലിസിറ്റി), ബ്ലസൻ ജോർജ് (ട്രാൻസ്പോർട്ടേഷൻ) എന്നിവർ കൺവീനേഴ്സായി പ്രവർത്തിക്കുന്നു.

## താലന്തുപരിശോധന

പത്തനംതിട്ട: സിഇഎം മൈലപ്ര, ചിറ്റാർ സെക്ഷനുകളുടെ താലന്തുപരിശോധന ആഗസ്റ്റ് 12 നു വാര്യാപുരം ശാരോൻ ചർച്ചിൽ നടന്നു. സിഇഎം പ്രസിഡന്റ് പാസ്റ്റർ ഷാജൻ കുര്യൻ അധ്യക്ഷത വഹിച്ചു. സെന്റർ മിനിസ്റ്റർ പാസ്റ്റർ വി.ജെ. തോമസ് ഉദ്ഘാടനം ചെയ്തു. മേക്കൊഴൂർ ചർച്ച് ചാമ്പ്യന്മാരായി. മൈലപ്ര ചർച്ച് ഫസ്റ്റ് റണ്ണർ അപ്പും വാര്യാപുരം ചർച്ച് സെക്കന്റ് റണ്ണർ അപ്പും നേടി. സെക്രട്ടറി ജീസൻ ഡാനിയേൽ, ട്രഷറർ സജി മണിയാർ തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള കമ്മറ്റി ക്രമീകരണങ്ങൾക്കു നേതൃത്വം നൽകി.

## പുത്തൻ പ്രവണത

(4-ാം പേജ് തുടർച്ച)

ഇവയൊന്നും ദൈവോന്മുഖമല്ല.

പണ്ടത്തെ കുലത്തൊഴിൽ പോലെ ചിലർ വിശുദ്ധകുര, വിശുദ്ധഷർട്ടി, വിശുദ്ധചിരി, വിശുദ്ധ ഉന്തിവീഴ്ത്ത്, വിശുദ്ധചാട്ടം, വിശുദ്ധ സാത്താൻ സംഹാരം എന്നിവയുടെ കുത്തക ഏറ്റെടുത്തിരിക്കുന്നു. ഇനി എന്തൊക്കെ രൂപങ്ങൾ വരുമെന്നറിയില്ല. ആൾക്കൂട്ട മനഃശാസ്ത്രം ഉപയോഗിച്ച് പല തന്ത്രങ്ങളും രൂപപ്പെടുത്തി പെരുമയുണ്ടാക്കാനാണു ശ്രമം. സുവിശേഷം പങ്കുവെച്ച് ജനത്തെ ദൈവരാജ്യത്തിലേക്കു നയിക്കേണ്ടതിനു പകരം സ്വയം ക്രിസ്തുവായി പ്രഖ്യാപിക്കുന്ന മശിഹകളെ നാം തിരിച്ചറിയണം. ഗുണകരമായി ഇവയിൽ ഒന്നും കാണുന്നില്ല. ദൈവവചനപ്രകാരം ഇവയെ സാധൂകരിക്കാനും കഴിയുന്നില്ല. വൈകാരികതയ്ക്ക് കൂടുതൽ ഊന്നൽകൊടുക്കുന്നത് നന്നല്ല. അത് ആത്മീയമാണെന്നും കരുതരുത്. ദൈവവചനത്തിലധിഷ്ഠിതമായി ജീവിക്കാൻ പഠിപ്പിക്കുന്നതിനു പകരം കുറെ മാജിക് ഷോ നടത്തുകയാണ് ചില ശുശ്രൂഷകന്മാരുടെ പരിപാടി. അവരുടെ അവകാശവാദങ്ങൾ കേട്ടാൽ തങ്ങൾ ദൈവമാണെന്നു നമുക്കു തോന്നാം. എല്ലാം സ്വന്തമഹത്ത്വത്തിനായി സ്വന്ത ശക്തികൊണ്ട് അവർ ചെയ്യുന്നു എന്ന തോന്നലാണ് നമുക്കുണ്ടാകുന്നത്. എല്ലാം വിവേചനബുദ്ധിയിൽ നാം പരിശോധിക്കണം.




ഏ.ജി. സണ്ടേസ്കൂൾ സംസ്ഥാന അധ്യാപക സംഗമവും ടീനേജ് സെമിനാറും പാസ്റ്റർ പി. ബേബി ഉദ്ഘാടനം ചെയ്യുന്നു.

## ഏജി സണ്ടേസ്കൂൾ സംസ്ഥാന അധ്യാപകസംഗമവും ടീനേജ് സെമിനാറും

**കോതമംഗലം:** ഏജി മലയാളം ഡിസ്ട്രിക്ട് സണ്ടേസ്കൂൾ സംസ്ഥാന അധ്യാപക സംഗമവും ടീനേജ് സെമിനാറും സെപ്റ്റംബർ രണ്ടിനു കോതമംഗലം ഏജി സഭാ ഓഡിറ്റോറിയത്തിൽ നടന്നു. പാസ്റ്റർ പി. ബേബി ഉദ്ഘാടനം ചെയ്തു. ഡയറക്ടർ സുനിൽ പി. വർഗീസ് അധ്യക്ഷനായിരുന്നു. ബാബു ജോയി ആമുഖ പ്രസംഗവും ട്രഷറർ ബിജു ഡാനിയേൽ വിഷയവതരണവും നടത്തി. പാസ്റ്റർമാരായ രാജീവ് ജോൺ പൂഴനാട്, ജോയി ജോർജ്, ജേക്കബ് ജോൺ തുടങ്ങിയവർ പ്രസംഗിച്ചു. സുവി. പി.സി. തോമസ്, സുവി. ഷാജൻ ജോൺ ഇടയ്ക്കാട് എന്നിവർ ക്ലാസെടുത്തു. പാസ്റ്റർ ജോൺ മാത്യു ഗാനങ്ങൾ ആലപിച്ചു.

## ചെറുവക്കൽ സിൽവർ ജൂബിലി കൺവൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു

ചെറുവക്കൽ: ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ വേങ്ങൂർ സെന്ററിന്റെയും കിളിമാനൂർ ഏരിയയുടെയും ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയുടെയും നേതൃത്വത്തിൽ നടത്തപ്പെടുന്ന 25-ാമത് ചെറുവക്കൽ കൺവൻഷന്റെ ഒരുക്കങ്ങൾ ആരംഭിച്ചു. ഡിസംബർ 24 മുതൽ 31 വരെ ചെറുവക്കൽ ന്യൂ ലൈഫ് ഗ്രൗണ്ടിൽ നടത്തപ്പെടുന്ന കൺവൻഷന്റെ ക്രമീകരണങ്ങൾക്കായി സെന്റർ പ്രസിഡന്റ് റവ. ഡോ. ജോൺസൺ ഡാനിയേൽ ജനറൽ കൺവീനർ ആയ 101 അംഗ കമ്മറ്റിയെ തെരഞ്ഞെടുത്തു. പാസ്റ്റർ കെ. ഷാജി, പാസ്റ്റർ ജിനു ജോൺ, സാം സി. ഡാനിയേൽ (ജോയിന്റ് കൺവീനേഴ്സ്), ജെയിംസ് ജോർജ് വേങ്ങൂർ (ജൂബിലി കൺവീനർ), പാസ്റ്റർ ഫ്രാൻസിസ് മാത്യു (പ്രാർഥന), പാസ്റ്റർ ബിനുമോൻ എം. (പബ്ലിസിറ്റി), ഡി. ജോൺകുട്ടി (ചാരിറ്റി കൺവീനർ), ജോസ് എം. (വിജിലൻസ്), പാസ്റ്റർ മാത്യുകുട്ടി (ട്രാൻസ്പോർട്ടേഷൻ), പാസ്റ്റർ എം.സി. ജോൺ (പന്തൽ), പാസ്റ്റർ യോഹന്നാൻകുട്ടി (ഫുഡ്), പാസ്റ്റർ കെ. രാജൻ (സ്റ്റേജ്), പാസ്റ്റർ കെ. ബെന്നി (പ്രോഗ്രാം), ഇവാഞ്ചലിസ്റ്റ് ജോൺസൺ ജെ. (ഫിനാൻസ്) എന്നിവരെ തെരഞ്ഞെടുത്തു.

## വൈ.പി.ഇ. മലബാർ ക്യാമ്പ് സുൽത്താൻ ബത്തേരിയിൽ

വയനാട്: ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ കേരളാ സ്റ്റേറ്റ് വൈപിഇ മലബാർ മേഖലാ ക്യാമ്പ് സെപ്റ്റംബർ 29,30 തിയതികളിൽ സുൽത്താൻ ബത്തേരിയിൽ പ്രതീക്ഷ പാസ്റ്ററൽ സെന്ററിൽ നടന്നു.

# ദൈവത്തിൽ വസിച്ച് സദ്ഫലം കായ്ക്കുക

## – പാസ്റ്റർ വർഗീസ് മത്തായി

ആയൂർ: സമാധാന പൂർണ്ണമായ സന്തോഷജീവിതം നയിക്കുന്നതിന് ദൈവത്തിൽ വസിക്കണമെന്ന് ഇന്ത്യൻ പെന്തക്കോസ്തു ദൈവ സഭാ മേഖലാ വൈസ് പ്രസിഡന്റ് പാസ്റ്റർ വർഗീസ് മത്തായി പ്രസ്താവിച്ചു. ഐപിസി ആയൂർ ഡിസ്ട്രിക്ട് പിവൈപിഎയുടെ ആഭിമുഖ്യത്തിലുള്ള യുവജന ക്യാമ്പ് യൂത്ത് ഫെസ്റ്റ്-2017 വയയ്ക്കൽ ഐപിസി ഗിൽഗാൽ ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഒരു വൃക്ഷത്തിന്റെ വളർച്ചയും നിലനിൽപ്പും അത് ഫലം നൽകുന്നത് അതു നിൽക്കുന്ന സ്ഥലത്തെ ആശ്രയിച്ചാണ്. ദൈവത്തിൽ വസിക്കുന്ന ഒരു വ്യക്തിക്കു മാത്രമേ, ദിവ്യസ്വഭാവം പ്രകടമാക്കുവാനും, മറ്റുള്ളവർക്ക് അനുഗ്രഹമായി തീരുന്ന നല്ല പ്രവർത്തനം കാഴ്ചവയ്ക്കാനും കഴിയൂ എന്നും പാസ്റ്റർ വർഗീസ് മത്തായി തുടർന്നു പറഞ്ഞു. പാസ്റ്റർ ആന്റണി ചാക്കോ അധ്യക്ഷത വഹിച്ചു. പാസ്റ്റർ സി.ടി. എബ്രഹാം, സുവി. എബ്രഹാം കുരുവിള, പാസ്റ്റർ ജോർജ് രാജൻ, സുവി. ലിബിൻ ദാസ്, എബിൻ എബ്രഹാം എന്നിവർ പ്രസംഗിച്ചു.

സെമിനാറിൽ ഡോ. ജെ. വർഗീസ് പ്രബന്ധം അവതരിപ്പിച്ചു. പാസ്റ്റർ സി. എസ്. സാംസൺ മോഡറേറ്ററായിരുന്നു. പാസ്റ്റർ പി. ഐ. എബ്രഹാമിന്റെ അധ്യക്ഷതയിൽ നടന്ന സമാപനയോഗത്തിൽ സുവി. അജിഷ് ജോൺ പ്രസംഗിച്ചു. അലകസ് സാംസൺ സംഗീത ശുശ്രൂഷക്കു നേതൃത്വം നൽകി.

*പാസ്റ്റർ ജോർജ് രാജൻ*



ഐപിസി ആയൂർ ഡിസ്ട്രിക്റ്റ് യുവജന ക്യാമ്പ് പാസ്റ്റർ വർഗീസ് മത്തായി ഉദ്ഘാടനം ചെയ്യുന്നു.

## സുവനീർ പ്രസിദ്ധീകരിക്കുന്നു

**കറുകച്ചാൽ :** ഇൻഡ്യാ റിവൈവൽ അസംബ്ലി സഭകളുടെ സിൽവർ ജൂബിലിയോടനുബന്ധിച്ച് ഒരു സുവനീർ പ്രസിദ്ധീകരിക്കുന്നു. ഇതിൽ ഉൾപ്പെടുത്തുന്നതിന് സാഹിത്യകൃതികളും പരസ്യങ്ങളും ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്: ഫോൺ 9747459561.

## വിദ്യാഭ്യാസ സഹായം നൽകുന്നു

**കറുകച്ചാൽ :** ഇൻഡ്യാ റിവൈവൽ അസംബ്ലി സഭകളുടെ സിൽവർ ജൂബിലിയോടനുബന്ധിച്ച് നിർധനരായ ഏതാനും വിദ്യാർഥികൾക്ക് സഹായം നൽകുന്നു. അപേക്ഷകർ പ്ലസ്ടുവിന് ശേഷം മറ്റ് കോഴ്സുകൾ പഠിക്കുന്നവർ ആകണം. പേര്, വിലാസം, ഫോൺ, പഠിക്കുന്ന കോഴ്സ്, സഭാശുശ്രൂഷകന്റെ ശുപാർശ എന്നിവ സഹിതം അപേക്ഷിക്കേണ്ടതാണ്. അവസാന തീയതി:ഒക്ടോബർ 20. തെരഞ്ഞെടുക്കപ്പെടുന്നവരെ വിവരം അറിയിക്കുന്നതായിരിക്കും. വിലാസം : സെക്രട്ടറി, ഇൻഡ്യാ റിവൈവൽ അസംബ്ലി, പി.ബി. നമ്പർ: 10, കറുകച്ചാൽ, കോട്ടയം, കേരള-686540 ഫോൺ : 8606695830, 9495032968.


VISITING VISA

സൗദി അറേബ്യ, ഖത്തർ, ദുബായ്, കുവൈറ്റ്, മസ്കറ്റ്, ബഹറൈൻ, സിംഗപ്പൂർ, മലേഷ്യ, ബ്രൂണെ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കുന്നതിനും, തൊഴിൽ അന്വേഷിക്കുന്നതിനും വിസിറ്റിംഗ് വിസകൾക്ക് സമീപിക്കുക.

GLOBAL CARE

Travell Services, IInd Floor,
17/1246 C2, Pathoor Tower
Puthiyara Road, Stadium Jn., Calicut-4
Email: globalcalicut@gmail.com
globalcareccj@gmail.com
Ph: 0495-2720881, 3259706, 9447040281



THUSHARA
Tiles & Granites
Near old Fire Station, Arumurikkada, Kundra

Spaniso, Vrundavan, Nenno, Johnson, Somany, Kajaria, Marbonite, Nitco, Asain, City, Sonora, Marbito തുടങ്ങിയ കമ്പനികളുടെ authorised dealer.

വെർട്ടിഫൈഡ് ടൈലുകളുടെ വൻശേഖരം

ഹോൾസെയിൽ വിലയ്ക്കു ലഭിക്കുന്ന ഒരു വിശ്വസ്ത സ്ഥാപനം

Phone Shope: 0474-2580191, 9249121338
O.P. Xavier 9562972336, Nishandh 9846832956,
Anikkuttan 9847684821




*ചർച്ച് ഓഫ് ഗോഡ് കേരളാ സംസ്ഥാന സണ്ടേസ്കൂൾ ക്യാമ്പ് പാസ്റ്റർ ടി.എ. ജോർജ് ഉത്ഘാടനം ചെയ്യുന്നു.*

# സണ്ടേസ്കൂൾ സംസ്ഥാന ക്യാമ്പ് സമാപിച്ചു

തിരുവനന്തപുരം: ചർച്ച് ഓഫ് ഗോഡ് കേരളാ സംസ്ഥാന സണ്ടേസ്കൂൾ ക്യാമ്പ് സെപ്റ്റംബർ 5 –7 വരെ മണ്ണന്തല ജെഎംഎം സ്റ്റഡി സെന്ററിൽ നടന്നു. പാസ്റ്റർ ടി.എ. ജോർജ് ഉത്ഘാടനം ചെയ്തു. പാസ്റ്റർ ജെ. ജോസഫ് മുഖ്യസന്ദേശം നല്കി. പാസ്റ്റർ വത്സലദാസ് അദ്ധ്യക്ഷനായിരുന്നു. പാസ്റ്റർ സാലു വർഗീസ് നേതൃത്വം നല്കി.

വിവിധ സെഷനുകളിൽ ഡോ. ജെയിംസ് ജോർജ്, പാസ്റ്റർ ബിനു ഡൊമനിക്ക്, പ്രൊഫ. ബ്ലസ്സൻ ജോർജ്, ഡോ. സജി കെ.പി., പാസ്റ്റർ സാജൻ ജോയി തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു. പാസ്റ്റർ സാംസൺ പി. ബേബി, സുവി. അരുൺ ജി.കെ., ഹിബിൻ അജിമോൻ, എബി ജോൺസൺ എന്നിവർ സംഗീത ശുശ്രൂഷക്ക് നേതൃത്വം നല്കി. 17 കുട്ടികൾ സുവിശേഷ വേലക്കുവേണ്ടി സമർപ്പിക്കപ്പെടുകയും, 24 കുട്ടികൾ യേശുവിനെ തങ്ങളുടെ ജീവിതത്തിൽ കർത്താവായി സ്വീകരിക്കുകയും ചെയ്തു. തിരുവനന്തപുരം സണ്ടേസ്കൂൾ മേഖല ഭാരവാഹികൾ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കി.

## തെരെഞ്ഞെടുത്തു

തിരുവനന്തപുരം: ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് വൈപിഇയുടെ സൗത്ത് സോൺ സെക്രട്ടറിയായി വിനോദ് എ.വി. (മണ്ണന്തല), ട്രഷററായി കുമാർ (കള്ളിമൂട്), ജോയിന്റ് സെക്രട്ടറിയായി എബി (ഉറിയാക്കോട്) എന്നിവരെ തിരഞ്ഞെടുത്തു. സോണൽ കോ–ഓർഡിനേറ്ററായി പാസ്റ്റർ വൈജുമോൻ വെങ്കടമ്പ് പ്രവർത്തിക്കുന്നു.

## നിര്യാതനായി



ബിനോയ് കുമാർ

**പാറശ്ശാല:** അസംബ്ളീസ് ഓഫ് ഗോഡ് സതേൺ ഡിസ്ട്രിക്ടിലെ ചെങ്കവിള സഭാ ശുശ്രൂഷകൻ പാസ്റ്റർ സനിൽകുമാറിന്റെ മകൻ ബിനോയ് കുമാർ(7) സെപ്റ്റംബർ ആറിനു നിത്യതയിൽ ചേർക്കപ്പെട്ടു. കരൾ രോഗം ബാധിതച്ചതിനെ തുടർന്നു അഞ്ചു വർഷമായി ചികിത്സയിൽ ആയിരുന്നു ബിനോയി. സംസ്കാര ശുശ്രൂഷ സെപ്റ്റംബർ ഏഴിനു നടന്നു. അസംബ്ളീസ് ഓഫ് ഗോഡ് സതേൺ ഡിസ്ട്രിക്ട് സൂപ്രണ്ട് പാസ്റ്റർ ഡോ. റ്റി. സത്യനേശൻ പ്രധാന ശുശ്രൂഷ നിർവ്വഹിച്ചു. പാസ്റ്റർ ജ്ഞാനസെൽവൻ, പാസ്റ്റർ എൻ. പീറ്റർ തുടങ്ങിയവർ നേതൃത്വം നൽകി. അമ്മ–ബിന്ദു, സഹോദരി–കെസിയ(2). ഏ.ജി. മാവിളകടവ് ശുശ്രൂഷകൻ പാസ്റ്റർ സുനിൽകുമാർ പിതൃസഹോദരനാണ്.


Sharon Fellowship Church Albany

SHARON FELLOWSHIP CHURCH OF ALBANY

Come and Experience God's Presence

**Sunday**
Sunday School & Adult Bible Study
(9:00 am to 10: 00 am)
Worship Service 10:00 am to 12:30 pm

**Every 3rd Sunday**
Youth Worship Service 10:00 am to 11:30 am
CEM/Youth Meeting 11:30 am to 12:30 pm

**Wednesday**
Men's Meeting 7:30 pm to 9:00 pm
Ladies Meeting 10: 00 am to 12:30 pm

**Friday**
Cottage Meeting : 7:00 pm to 9:00 pm

**Fasting Prayer**
4th Friday, Saturday & Sunday

**For Prayer and Fellowship**
Pastor Santhosh Tharian
2 Sarah Ct, Albany
New York - 12205
(518) 621- 6894 (Office)
(201) 920- 7643 (Cell)
santhoshtharian@yahoo.com

FOR WE WALK BY FAITH NOT BY SIGHT 2 CORINTRIANS 5:7

For More Information
SABU PHILIP (Secretary) (518) 618 - 1264
JIMS JOHN MEDAMANA (Treasurer) (518) 618 - 0702
sfcalbany@gmail.com

1781 Western Ave,
Albany, New York, 12203
United States of America

www.albanysharonchurch.org




## കാഴ്ചയ്ക്കപ്പുറം

ജോയ് നെടുങ്കുന്നം

# കുറ്റം പറയുന്നവരും കോമഡിക്കാരും !!

ആത്മീയ മഹോത്സവങ്ങൾക്ക് കുറവൊന്നുമില്ല. കൺവൻഷൻ സീസൺ ആയാലും അല്ലെങ്കിലും മീറ്റിംഗുകൾ പൊടിപൊടിക്കുന്നു. കാടാറ് മാസം നാടാറ് മാസം എന്നുപറഞ്ഞതുപോലെ കേരളത്തിൽ കൺവൻഷൻ സീസൺ കഴിഞ്ഞാൽ വിദേശം. വിദേശ സീസൺ കഴിഞ്ഞാൽ മടങ്ങി കേരളം... പ്രസംഗകർക്ക് എന്നും ചാകരയാണ്.

അന്ന് അരങ്ങ് വാഴുന്ന പ്രസംഗകരെ മൊത്തത്തിൽ ഒന്നു വിലയിരുത്തിയാൽ വചനത്തിന്റെ ആഴങ്ങൽ പ്രസംഗിക്കുന്നവരോ വേദശാസ്ത്ര വിഷയങ്ങൾ കൈകാര്യം ചെയ്യുന്നവരോ, യേശുക്രിസ്തുവിനെയും ക്രൂശിനെയും ഉയർത്തുന്നവരോ? ആർക്കാണ് ഇവിടെ ഡിമാന്റ്?

നമ്മുടെ കൺവൻഷൻ, വിടുതൽ മീറ്റിംഗുകൾ കേവലം 'ഷോ'കളായി മാറ്റപ്പെട്ടുകൊണ്ടിരിക്കുന്നു. നല്ല 'പെർഫോർമർ'മാരാണ് ഇന്ന് അരങ്ങ് തകർക്കുന്നത്. കേൾവിക്കാരുടെ അഭിരുചിക്കനുസരിച്ച് കാര്യങ്ങൾ അവതരിപ്പിക്കുന്നവർ വിജയിക്കുന്നു. പൊതുവെ ടിവി ചാനലുകളും സ്റ്റേജ് ഷോകളുമെല്ലാം ഇന്ന് കോമഡി പ്രോഗ്രാമുകൾക്ക് പ്രാധാന്യം നൽകുന്നു. കാഴ്ചക്കാരും കേൾവിക്കാരും ഏറെയുള്ളത് 'കോമഡി'ക്കാണ്. എല്ലാം മറന്നൊന്നു ചിരിക്കാൻ അവസരം കിട്ടിയാൽ, ആരാണ് വേണ്ടെന്നു വെയ്ക്കുന്നത്.

ഒരു വശത്ത് നടക്കാത്ത അത്ഭുതങ്ങളും വിര്യപ്രവർത്തികളും കൃപയും സമൃദ്ധിയുമെല്ലാം അരങ്ങ് തകർക്കുമ്പോൾ മറുവശത്ത് കോമഡിക്കാരും കുറ്റംപറയുന്നവരും കേൾവിക്കാരെ പിടിച്ചിരുത്തുന്നു. അനുകരണകലയുടെ വക്താക്കൾ ആടിത്തിമിർക്കുന്നു. തമാശക്കാർ തമാശ പറഞ്ഞ് കുടുകുടാ ചിരിപ്പിക്കുമ്പോൾ, സ്റ്റേജിൽ ഇരുന്ന് കുടവയർ കുലുക്കി ചിരിക്കാൻ ഉപദേശിമാരുമുണ്ടെങ്കിൽ പിന്നെ എന്ത്? പ്രസംഗകനു ഒരു ആവേശമാണ്.

വേറൊരു കൂട്ടർ വിമർശകരാണ് (വിമർശനം എന്നു പറയാനൊക്കില്ല; കുറ്റം പറയുന്നവർ). വേണ്ടതിനും വേണ്ടാത്തതിനുമെല്ലാം കുറ്റം കണ്ടുപിടിക്കുന്നവർ, സ്റ്റേജ് കിട്ടുമ്പോൾ വെട്ടിമുറിക്കുകയാണ്. പ്രതിപക്ഷ ബഹുമാനമില്ലാതെ നിശിതമായി ഭാഷാപ്രയോഗം നടത്തുന്നു. ഒന്നോ രണ്ടോ പേർ ചെയ്യുന്ന കുറ്റം സമൂഹത്തിന്റേമേൽ അടിച്ചേൽപ്പിച്ച് വിശുദ്ധിയുടെ പരിവേഷം സ്വയം ചാർത്തപ്പെടുന്നവർ! ഏതു കാര്യത്തിനും നെഗറ്റീവ് മാത്രമേ ഇത്തരക്കാർ കാണുകയുള്ളൂ... കർണരസമാണിത്. കോമഡിക്കാരെക്കാൾ അപകടകാരികളാണ് കുറ്റം വിളമ്പുന്നവർ.

ഒരു വ്യക്തിയുടെ ഇപ്പോഴത്തെ ചെയ്തികൾ വിലയിരുത്തുമ്പോൾ തന്നെ ആദ്യകാലങ്ങളിൽ അവർ ചെയ്ത സേവനങ്ങൾ കണ്ടില്ലെന്നു നടിക്കരുത്. കാലത്തിന്റെ ശീഘ്രഗമനങ്ങളിൽ നാമെല്ലാം മാറ്റത്തിനു വിധേയരാകുന്നവരാണ്. പ്രകൃതിതന്നെ മാറിക്കൊണ്ടിരിക്കുന്നു. ഒരു കാലത്ത് നാം പാപമെന്നു കരുതിയത് പലതും ഇന്ന് പാപത്തിന്റെ പട്ടികയിലില്ല. (സിനിമാപ്പാട്ട് കേൾക്കാത്തവർ, വെറ്റക്കൊടി വളർത്താത്തവർ, കവുങ്ങിൻ തോട്ടങ്ങൾ വെട്ടിക്കളഞ്ഞവർ, ടിവി വാങ്ങാത്തവർ ഇങ്ങനെ എണ്ണിപ്പറയുവാൻ ധാരാളമുണ്ട്). നാം ഇന്നും അതുപോലെ വേണമെന്നു പറയുന്നത് ബാലിശമല്ലേ?

ടാബ് പോലെയുള്ള ആധുനിക ഉപകരണങ്ങളിൽ നിന്നും ബൈബിൾ വാക്യങ്ങൾ വായിക്കുന്നവരെ നിശിതമായി വിമർശിക്കുന്നത് സമീപകാല ചരിത്രമാണ്. തിരുവചനത്തിന്റെ ഉപദേശസത്യങ്ങളിൽ നിന്നും വ്യതിചലിക്കാതെ വിശുദ്ധജീവിതം നയിക്കുന്ന ഒരു സമൂഹത്തിന്റെ ഭാഗമായിത്തീരാൻ നമുക്കു കഴിയും.

ക്രൂശിക്കപ്പെട്ട യേശുവിനെ ഉയർത്താൻ എത്രപേർ തയാറാകുന്നു. കള്ളക്കഥകളും ബുദ്ധിക്കും യുക്തിക്കും ചേരാത്തതുമായ കാര്യങ്ങൾ വിളമ്പി പണ്ഡിതനാകാൻ ശ്രമിക്കാതെ, കണ്ണീരിന്റെയും അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും ശബ്ദങ്ങൾ നമ്മുടെ മീറ്റിംഗുകളിൽ മുഴങ്ങി കേൾക്കട്ടെ... അല്ലാത്തിടത്തോളം കാലം കുറ്റം പറയുന്നവരും കോമഡിക്കാരും അരങ്ങ് തകർക്കും.

നമുക്കൊരു എന്റർടെയ്ൻമെന്റും....!!



*ഏകദിന യൂത്ത് ക്യാമ്പ് പാസ്റ്റർ കെ.സി. ജോൺ ഉല്ഘാടനം ചെയ്യുന്നു.*

## ഏകദിന യുവജന ക്യാമ്പ്

തലവടി: എടത്വ യുപിവൈ–തലവടി വൈപിഇയുടെയും സംയുക്ത ആഭിമുഖ്യത്തിൽ 'GLOW' എന്ന പേരിൽ ഏകദിന യൂത്ത് ക്യാമ്പ് നടന്നു. പാസ്റ്റർ കെ.സി. ജോൺ ഉല്ഘാടനം ചെയ്തു. പാസ്റ്റർ ഇ.എസ്. ജോൺ അധ്യക്ഷത വഹിച്ചു. ഇവാ. സാജൻ ജോയി, ഇവാ. സാം ജി.എസ്., ഡോ. സൂസൻ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

# CHRISTIAN WORLD

Address
Christian World, Manganam P.O.,
Kottayam - 686 018, Kerala
Email: christianworldpathram@gmail.com
REG.NO:KERMAL/2006/17464
POSTAL REG. NO. KL/QN/341/2015-2017
POSTED ON 5TH OF EVERY MONTH
AT RMS KOLLAM

വില രൂ. 10/- Vol: 12 Issue No: 9 2017 OCTOBER 1 Date of publication : first of Every Month വാർഷിക വരിസംഖ്യ 120 രൂപ


## യുവപ്രഭാഷകൻ നബീൽ ഖുറേഷി നിത്യതയിൽ പ്രവേശിച്ചു



**ഹ്യൂസ്റ്റൻ:** യുവപ്രഭാഷകനായിരുന്ന നബീൽ ഖുറേഷി നിത്യതയിൽ ചേർക്കപ്പെട്ടു. ക്യാൻസർ രോഗം മൂലം ചില നാളുകളായി ഹ്യൂസ്റ്റണിലുള്ള എംഡി ആൻഡേഴ്സൻ ഹോസ്പിറ്റലിൽ ചികിത്സയിൽ കഴിഞ്ഞുവരികയായിരുന്നു. സെപ്റ്റംബർ 16 നായിരുന്നു അന്ത്യം. ആശുപത്രിയിൽ കഴിയുമ്പോഴും യൂട്യൂബിൽ കൂടെ തന്റെ അവസാന നിമിഷം വരെ യേശുവിനെക്കുറിച്ചു പ്രസംഗിച്ചുവന്നിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തോടെ ക്രിസ്തീയ വിശ്വാസത്തിനുവേണ്ടി വലിയ വിലകൊടുത്ത ധീരനായ യുവാവിന്റെ ജീവിതത്തിന്റെ സംഭവ ബഹുലമായ ഒരു അധ്യായത്തിനാണു തിരശീല വീണത്. ജീവിതത്തിന്റെ അവസാന നിമിഷങ്ങളിൽപോലും ലോകമെമ്പാടും തന്നെ സ്നേഹിക്കുന്ന ആയിരക്കണക്കിനു യൗവനക്കാർക്കു ക്രിസ്തുവിലുള്ള തന്റെ പ്രത്യാശയും അടിയുറച്ച വിശ്വാസവും അദ്ദേഹം മാതൃകയാക്കി കാണിച്ചുകൊടുത്തിരുന്നു.

നൂറിലധികം യൂണിവേഴ്സിറ്റകളിൽ അദ്ദേഹം പ്രസംഗകനായി എത്തിയിട്ടുണ്ട്. ഇതിൽ ഓക്സ്ഫെഡ്, കോമൽ ജോൺ ഹോപ്കിൻസ് യൂണിവേഴ്സിറ്റി ഓഫ് ഹോം കോഗ് എന്നിവ എടുത്ത പറയേണ്ടതാണ്.

## ഡോക്ടറേറ്റ് നേടി



**തിരുവനന്തപുരം:** നെയ്യാറ്റിൻകര കൊടങ്ങാവിള ഡിഗ്രേഷ്യയിൽ വൈ.വി. സുജാ ബേബി തമിഴ്നാട് വിനായക മിഷൻസ് സർവ്വകലാശാലയിൽ നിന്നു കമ്മ്യൂണിറ്റി ഹെൽത്ത് സയൻസിൽ ഡോക്ടറേറ്റ് നേടി. കാരക്കോണം സി എസ് ഐ നഴ്സിങ് കോളെജ് പ്രിൻസിപ്പലായ സുജാബേബി പരേതനായ പി. യേശുദാസ്-വിജയ ബേബി ദമ്പതികളുടെ മകളും അസംബ്ളീസ് ഓഫ് ഗോഡ് നെയ്യാറ്റിൻകര സെക്ഷൻ പ്രസ്ബിറ്റർ പാസ്റ്റർ ഡി.സുനിൽദാസിന്റെ ഭാര്യയുമാണ്. മക്കൾ- സിബിൽ ശാരോൻ, സ്റ്റീവ് ആരോൻ.






## അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ സിഎ ക്യാമ്പ് സമാപിച്ചു

കുട്ടിക്കാനം: എ.ജി. മലയാളം ഡിസ്ട്രിക്ട് കൗൺസിലിന്റെ യുവജനവിഭാഗമായ ക്രൈസ്റ്റ് അംബാസഡേഴ്സിന്റെ വാർഷിക യുവജനക്യാമ്പ് സെപ്റ്റംബർ 5-8 വരെ ഇടുക്കി ജില്ലയിലെ കുട്ടിക്കാനത്ത് മാർ ബസേലിയോസ് എഞ്ചിനീറിംഗ് കോളേജിൽ നടന്നു. സെപ്തംബർ 5നു പാസ്റ്റർ ഷിജു വർഗീസിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം പാസ്റ്റർ റോയ്സൺ ജോണി ഉദ്ഘാടനം ചെയ്തു.

പാസ്റ്റർമാരായ പ്രഭാ. റ്റി. തങ്കച്ചൻ, അനിൽ അലക്സാണ്ടർ, ഡോ. പി. എസ്. ഫിലിപ്പ്, കെ.ജെ. മാത്യു എന്നിവരും വിവിധ യോഗത്തിൽ പ്രസംഗിച്ചു.

സൗത്ത് ഇന്ത്യ അസംബ്ലീസ് ഓഫ് ഗോഡ് യുവജനവിഭാഗം പ്രസിഡന്റ് റവ. ലിൻസൺ പി. സാമുവൽ, റവ. റ്റി.വി. പൗലോസ്, ദക്ഷിണമേഖല ഡയറക്ടർ റവ. കെ.വൈ. വിൽഫ്രഡ് രാജ്, റവ. പി. ബേബി, പാസ്റ്റർ പ്രിൻസ് തോമസ്, ഇവാ. ജിഫി യോഹന്നാൻ, ബ്രദർ മാത്യു കുര്യൻ, ഇവാ. ഷാജൻ ജോൺ ഇടക്കാട് എന്നിവർ വിവിധ സെഷനുകളിൽ ക്ലാസുകൾ എടുത്തു. 1300-ൽപ്പരം യുവതി യുവാക്കൾ ക്യാമ്പിൽ പങ്കെടുത്തു.

സിസ്റ്റർ പേർസിസ് ജോണും, ഇവാ. മാത്യു ടി. ജോണും സംഘവും നയിച്ച സംഗീതാരാധന ഏറെ ഹൃദ്യവും ദൈവസാന്നിധ്യം നിറഞ്ഞതുമായിരുന്നു. ഗ്രൂപ്പ് ബൈബിൾ പഠനത്തിന് പാസ്റ്റർ സാം ഇളമ്പൽ നേതൃത്വം നൽകി. ഡിബേറ്റിനു ബ്രദർ ഷാജൻ ജോൺ ഇടയ്ക്കാട് മോഡറേറ്റർ ആയിരുന്നു. ഡോ. അനിത ജോസ്ലിയുടെയും, പാസ്റ്റർ സാം. പി. ലൂക്കോസിന്റെയും നേതൃത്വത്തിൽ രണ്ടു പാനലുകളായി നടന്ന ആരോഗ്യപരമായ ചർച്ചയിൽ സാമൂഹ്യമാധ്യമങ്ങൾ നമ്മുടെ ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ചും ദു:സ്വാധീനത്തെക്കുറിച്ചും ചർച്ച ചെയ്തു.

കാത്തിരുപ്പ് യോഗങ്ങളിൽ നൂറോളം യൗവനക്കാർ ആത്മസ്നാനം പ്രാപിച്ചു. നിരവധിപേർ തങ്ങളെ ബാധിച്ചിരുന്ന ദുരാത്മ ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. പാസ്റ്റർമാരായ പ്രഭാ റ്റി. തങ്കച്ചൻ, പ്രിൻസ് ഇമ്മാനുവൽ എന്നിവർ നേതൃത്വം നൽകി.

## ഹാർവെസ്റ്റ് ടിവിയെ തകർക്കാൻ ഏഷ്യാനെറ്റ് കേബിൾ വിഷൻ ശ്രമം

തിരുവനന്തപുരം: തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ക്രിസ്തീയ ടെലിവിഷൻ ചാനലിനെ തകർക്കാൻ കേബിൾ സേവന ദാതാവായ കുത്തക കമ്പനി ഏഷ്യാനെറ്റ് കേബിൾ വിഷൻ ശ്രമിക്കുന്നുവെന്ന് പരാതി. കൃത്യമായി കാരിയിംഗ് ഫീ അടച്ചിട്ടും കേബിളിൽ നിന്ന് ഹാർവെസ്റ്റ് ടിവിയെ ഒഴിവാക്കിയത് ക്രിസ്ത്യൻ ചാനലുകൾ തമ്മിലുള്ള കിടമത്സരത്തെ പ്രോത്സാഹിപ്പിക്കാനും അതു വഴി സമുദായ ടെലിവിഷൻ സ്ഥാപനങ്ങൾക്കിടയിൽ സ്പർദ്ധയുണ്ടാക്കാനുമാണ് എസിവി ശ്രമിക്കുന്നതെന്ന് ഹാർവെസ്റ്റ് ടെലിവിഷൻ ഉടമകൾ പറയുന്നു.

2011 ലാണ് ഹാർവെസ്റ്റ് ടിവി പ്രവർത്തനം ആരംഭിക്കുന്നത്. ആറു വർഷംകൊണ്ട് ഹാർവെസ്റ്റ് ടിവി ശ്രദ്ധേയമായ വിധം പ്രേക്ഷകരെ നേടിയെന്നും ചാനൽ പറയുന്നു. ഒരു വർഷം ഒരു കോടിയോളം രൂപയാണ് കാരിയിംഗ് ഫീ നൽകിയിരുന്നത്, പണം അടയ്ക്കുന്നതിൽ ഒരു വീഴ്ചയും വരുത്തിയിട്ടില്ലെന്നും ചാനൽ അധികൃതർ പറയുന്നു. എന്നാൽ ജിഎസ്ടി നടപ്പാക്കിയ ശേഷം ഇൻവോയ്സ് ചോദിച്ചതോടെ കാരിയിംഗ് ഫീ രണ്ട് കോടി നൽകണമെന്ന് എസിവി ആവശ്യപ്പെട്ടു. രണ്ടു കോടി തരാനാവില്ല എന്ന് ചാനൽ വ്യക്തമാക്കി. തുടർന്ന് ചാനലും എസിവി അധികൃതരും തമ്മിൽ ചർച്ച നടന്നുവെങ്കിലും വൈകാതെ എസിവിയിൽ ഹാർവെസ്റ്റ് ടിവിയുടെ പ്രക്ഷേപണം ശബ്ദം ഇല്ലാതെയായി.

ഇതിനിടെയാണ് മറ്റൊരു ക്രിസ്തീയ ചാനൽ അധികൃതരും ഹാർവെസ്റ്റ് ടിവിയുടെ അധികൃതരും തമ്മിൽ കാരിംഗ് ഫീ സംബന്ധിച്ച് ചർച്ച നടക്കുന്നത്. ആറു മാസത്തിലേറെയായി കാരിംയിംഗ് ഫീ അടച്ചിട്ടില്ലാത്ത ആ ചാനലിനോട് ഒന്നര കോടി രൂപ എസിവി ആവശ്യപ്പെട്ടെന്ന് അവർ ഹാർവെസ്റ്റ് ടിവിയോട് വെളിപ്പെടുത്തി. ആ തുക നൽകരുതെന്നും ഹാർവെസ്റ്റ് അടക്കമുള്ള ക്രിസ്തീയ ചാനലുകളെ സമ്മർദ്ദത്തിലാക്കാനാണ് ആ തുക നിയമവിരുദ്ധമായി എസിവി ആവശ്യപ്പെടുന്നതെന്ന് ഹാർവെസ്റ്റ് അധികൃതർ ആ ക്രിസ്തീയ ചാനലിനോട് ആവശ്യപ്പെട്ടു. എന്നാൽ, അവർ ആ തുക അടയ്ക്കുകയും തൊട്ടുപിന്നാലെ ഹാർവെസ്റ്റ് ടിവി എസിവി നെറ്റ്വർക്കിൽ നിന്ന് കട്ട് ആയി. അന്വേഷിക്കുന്ന പ്രേക്ഷകരോട് ഹാർവെസ്റ്റ് ടിവിയുടെ സംപ്രേക്ഷണ തകരാറാണെന്ന വിശദീകരണമാണ് എസിവി നൽകുന്നതെന്ന് ഹാർവെസ്റ്റ് അധികൃതർ പറയുന്നു.

ഹാർവെസ്റ്റ് ടിവിക്ക് പ്രേക്ഷകർ വർദ്ധിച്ച് വരുന്ന സാഹചര്യം മുതലെടുക്കാനാണ് ആദ്യം തന്നെ എസിവി ശ്രമിച്ചത്. എന്നാൽ ട്രായ് ചട്ടങ്ങൾക്ക് വിരുദ്ധമായി ഫീസ് വർദ്ധനക്ക് ചാനൽ വഴങ്ങാതിരുന്നതോടെ മറ്റു ക്രിസ്ത്യൻ ചാനലുകളെ ഉപയോഗിച്ച് വിഭാഗീയത ഉണ്ടാക്കാൻ എസിവി നീക്കം നടത്തി. ഹാർവെസ്റ്റിന്റെ പ്രേക്ഷകർ കുറയുന്നത് തങ്ങൾക്ക് ഗുണം ചെയ്യുമെന്ന വിശ്വാസത്തിൽ എസിവിയുടെ നീക്കത്തിനൊപ്പം അവർ നിലയുറപ്പിക്കുകയും ചെയ്തു എന്നാണ് ഹാർവെസ്റ്റ് പറയുന്നത്.


Printer, Publisher, owner & Edited by Sam T. Mukathala, Thenguvila House, Alummood P.O.,Kollam- 691 577. Ph: 0474-2708197. Printed at Cochin Printech for Mulamoottil Offset Printers, Minerva-Chenthra road, Kottarakkara Published at Alummoode, Kollam. Editor: D.Kunjumon Pothancode